LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 ഡിസംബർ വാല്യം 10 ലക്കം 11

# You Must
## Be Born Again



**"Most assurely, i say to you, unless one
is born of water and the Spirit,
he cannot enter the Kingdome of God"
John 3:5**

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

Apostle Devasia Mullakkara

മാനസാന്തരപ്പെട്ടവരെ, യേശുക്രിസ്തു, ദൈവമക്കളായും, തനിക്ക് ശിഷ്യത്വത്തിലേക്ക് ഉയർത്താൻ പറ്റുന്നവരായും സ്വീകരിക്കുക തന്നെ ചെയ്യും. മാത്രമല്ല മാനസാന്തരപ്പെട്ടവരെ കാണുമ്പോൾ സ്വർഗ്ഗത്തിൽ അധിക സന്തോഷവും ഉണ്ടാകും. "മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതിമാന്മാരേക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (ലൂക്കോ.15:7). സ്വർഗ്ഗത്തിൽ അധികസന്തോഷം ഉണ്ടാക്കുന്ന ഒരു ആത്മീയ ശസ്ത്രക്രിയ ആണ് മാനസാന്തരം. എന്ന് മാത്രമല്ല യേശുക്രിസ്തുവിനും ഓരോരുത്തരുടേയും മാനസാന്തരമാണ് ഏറ്റവുമധികം സന്തോഷത്തിന് കാരണമാകുന്നതെന്നും ബൈബിളിൽ പറഞ്ഞിരിക്കുന്നു. "നിങ്ങളിൽ ഒരാൾക്ക് നൂറ് ആട് ഉണ്ടെന്നിരിക്കട്ടെ. അതിൽ ഒന്ന് കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ച്, ആ കാണാതെ പോയതിനെ കണ്ടെത്തും വരെ നോക്കി നടക്കാതിരിക്കുമോ ? കണ്ടുകിട്ടിയാൽ സന്തോഷിച്ച്, ചുമലിൽ എടുത്ത് വീട്ടിൽ വന്ന് സ്നേഹിതന്മാരെയും അയൽക്കാരെയും വിളിച്ചുകൂട്ടി : കാണാതെ പോയ എന്റെ ആടിനെ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ എന്ന് അവരോട് പറയും" (ലൂക്കോ.15:4,5,6)

എന്നോടുകൂടെ സന്തോഷിപ്പിൻ എന്ന് അവരോട് പറയും എന്നു പറഞ്ഞത് യേശുവാണ്. ആദ്യം യേശു സന്തോഷിക്കും, മാനസാന്തരപ്പെട്ട ദൈവപൈതലിനെ കണ്ടിട്ട്, ഒപ്പം മാനസാന്തരാനുഭവമുള്ളവരോടുകൂടെ സന്തോഷിക്കുവിൻ എന്നും പറഞ്ഞിരിക്കുന്നു, അല്ലേ ? അപ്പോൾ എത്ര പ്രാധാന്യമാണ് നാമോരോരുത്തരുടേയും അനുദിനമാനസാന്തരത്തിനെന്നത് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ?

**വീണ്ടുംജനനം**

യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിലെ പ്രധാന പ്രമേയമായ വീണ്ടും ജനനം വിശുദ്ധവേദപുസ്തകത്തിലെ ഏറ്റവും വലിയ ആത്മീയവിഷയമാണ്. പുരോഹിതന്മാരിലെ വചനപ്രഘോഷകരും എഴുത്തുകാരും മാത്രമല്ല നവീകരണമണ്ഡലത്തിലെ പ്രമുഖ എഴുത്തുകാരും പ്രസംഗകരും ഈ വിഷയത്തെ **'രക്ഷ'** എന്നതിൽ ലയിപ്പിച്ചുചേർക്കുകയോ 'അത്, അത്ര കാര്യമല്ലാത്ത ഉപദേശവിഷയമാണെന്ന്' കരുതി

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ,
സ്റ്റിൽസ്: ജസ്റ്റിൻ തോമസ്,
ലേഔട്ട് & ഡിസൈൻ : ജീമോൻ



# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

തള്ളിക്കളയുകയോ ചെയ്യുന്നു. നിങ്ങൾ കൂദാശകൾ സ്വീകരിക്കുന്നുവെങ്കിൽ എല്ലാമായി എന്ന് പൗരോഹിത്യ സിദ്ധാന്തക്കാരും, നിങ്ങൾ സ്നാനപ്പെട്ട് അഭിഷേകം പ്രാപിച്ചില്ലയോ എന്ന് ബാക്കിയുള്ളവരും ചോദിച്ചുകൊണ്ട് ഈ വിഷയത്തെ ഗൗരവമുള്ള ചർച്ചയ്ക്കെടുക്കാത്തത് സാത്താന്റെ വഞ്ചനയിൽ അവർ അകപ്പെട്ടതുകൊണ്ടാണ്.

യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ നാം നിക്കോദേമൊസിനെ കണ്ടുമുട്ടുന്നു. അദ്ദേഹം ഒരു ഫരിസേയപ്രമാണിയാണ്. നല്ലവനാണ്. ഉയർന്ന ധാർമ്മികനിലവാരം ജീവിതത്തിലുടനീളം പുലർത്തുന്നവനുമാണ്. ഭക്താഗ്രേസരനും ആകുന്നു. വേദപണ്ഡിതൻ മാത്രമല്ല, ദിവസവും ദേവാലയത്തിൽ പോയി മണിക്കൂറുകളോളം പ്രാർത്ഥിക്കുകയും ആഴ്ച തോറും ഇരണ്ട് ദിവസം ഉപവസിക്കുകയും ചെയ്തിരുന്നു. കിറുകൃത്യമായി അദ്ദേഹം ദൈവത്തിനെന്നു കരുതി ദശാംശം കൊടുത്തിരുന്നു. സെമിനാരിയിലെ പ്രഗത്ഭനായ പ്രൊഫസർ ആയിരുന്നുവെന്ന് വേണം പറയുവാൻ. 'തീപ്പൊരിയൻ കൺവെൻഷൻ പ്രസംഗകനും' ആയിരുന്നുവെന്ന് പറഞ്ഞാലും തെറ്റില്ല. മിത്രപുത്രകളത്രാദികളോടും, മഹാരാജാവ് മുതൽ കൊട്ടാരം കാവൽക്കാരൻ വരെയുള്ള എല്ലാവരോടും നിർമ്മലമായ സ്നേഹത്തോടെ പെരുമാറുന്നവനും ആയിരുന്നു. കുഷ്ഠരോഗിയേപ്പോലും വാരിപ്പുണർന്ന് ഉമ്മവെയ്ക്കുവാൻ മതിയായ മനുഷ്യസ്നേഹം, ഒരുപക്ഷെ മദർതെരേസയെക്കാളും ഉള്ളവനും ആയിരുന്നു. അദ്ദേഹത്തോട് യേശുക്രിസ്തു പറയുകയാണ് "നീ വീണ്ടും ജനിക്കണം, ഇല്ലെങ്കിൽ നീ ദൈവരാജ്യത്തിൽ കടക്കുകയില്ല". ഇടി വെട്ടിനേക്കാൾ വലിയ സ്വരഗർജ്ജനം.

ബൈബിൾ വചനങ്ങൾ കുറിയ്ക്കാം. "പരീശന്മാരുടെ കൂട്ടത്തിൽ യഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കൊദേമൊസ് എന്ന് പേരുള്ളോരു മനുഷ്യനുണ്ടായിരുന്നു. അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്ന് അവനോട്: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴിയുകയില്ല, എന്ന് പറഞ്ഞു. യേശു അവനോട്: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല, എന്ന് ഉത്തരം പറഞ്ഞു.

"നിക്കൊദേമോസ് അവനോട്: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ എന്ന് ചോദിച്ചു. അതിന് യേശു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചത് ജഡമാകുന്നു: ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്ന് ഞാൻ നിന്നോട് പറകയാൽ ആശ്ചര്യപ്പെടരുത്. കാറ്റ്

## ഉള്ളടക്കം

സത്യദൈവശാസ്ത്രം – 2–15
കർത്താവ് കൊടുത്ത അത്ഭുതസൗഖ്യങ്ങൾ – 6
ട്യൂമർ സൗഖ്യമായി – 12
ഹെർണിയ മുഴക്ക് സൗഖ്യം – 15
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും – 16–20
സത്യദൈവശാസ്ത്രം – 21–33
കാലിന് വേദന സുഖപ്പെട്ടു – 21
ശ്വസംമുട്ടലും നട്ടെല്ല് വേദനയും സുഖപ്പെട്ടു – 23
ഭവനം ലഭിക്കുവാൻ ഇടയായി – 26
തലമുറയെ ലഭിച്ചു – 27
പൊട്ടിയ socket ന് സൗഖ്യം – 31
വാർത്തകൾ – 34
പ്രോഗ്രാം കലണ്ടർ – 35

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
# 1. രക്ഷാശാസ്ത്രം SOTERIOLOGY
## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

ഇഷ്ടമുള്ളേടത്ത് ഊതുന്നു: അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെനിന്ന് വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവനെല്ലാം അതുപോലെയാകുന്നു എന്ന് ഉത്തരം പറഞ്ഞു. നിക്കൊദേമൊസ് അവനോട് ഇതെങ്ങനെ സംഭവിക്കും എന്ന് ചോദിച്ചു. യേശു അവനോട് ഉത്തരം പറഞ്ഞത് : നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇത് അറിയുന്നില്ലയോ ? ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു : ഞങ്ങൾ അറിയുന്നത് പ്രസ്താവിക്കുകയും കണ്ടത് സാക്ഷീകരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ല താനും. ഭൂമിയിലുള്ളത് നിങ്ങളോട് പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളത് നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ എങ്ങനെ വിശ്വസിക്കും”? (യോഹ.3:1-12)

പുതുതായി ജനിക്കണം, അഥവാ വീണ്ടും ജനിക്കണം സ്വർഗ്ഗരാജ്യത്തിൽ, പ്രവേശിക്കുവാൻ. അല്ലെങ്കിൽ സ്വർഗ്ഗരാജ്യം നഷ്ടമാകും. “നിങ്ങൾ തിരിഞ്ഞ് ശിശുക്കളേപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു. ആകയാൽ ഈ ശിശുവിനേപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരികല്ലുകെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന് നന്ന്. ഇടർച്ചഹേതുവായി ലോകത്തിന് അയ്യോ കഷ്ടം ; ഇടർച്ച വരുന്നത് ആവശ്യം തന്നെ; എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യന് അയ്യോ കഷ്ടം. നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടിയെറിഞ്ഞ് കളക; രണ്ട് കയ്യും രണ്ട് കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്ക് നന്ന്. നിന്റെ കണ്ണ് നിനക്ക് ഇടർച്ച ആയാൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞ് കളക; രണ്ട് കണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനേക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കടക്കുന്നത് നിനക്ക് നന്ന്. ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ” (മത്താ.18:3-10).

ശിശുസഹജമായ വിശ്വാസത്തോടെ ദൈവത്തോട് അടുത്തുചെല്ലണം. ശിശുവിനേപ്പോലെ തിരിയുവാൻ പറഞ്ഞതിന്റെ അർത്ഥവും വീണ്ടും ജനിക്കണമെന്നതിന്റെ അർത്ഥവും പൂർണ്ണമാനസാന്തരവും പുതുജനനവും തമ്മിലുള്ള കാര്യമായ അകലമില്ലായ്മയെ ആണ് കാണിക്കുന്നത്. ഒരു വലിയ ബുദ്ധിജീവിക്കും, ഒരു നല്ല സാമൂഹ്യപരിഷ്കർത്താവിനും, പ്രഗത്ഭനായ ശാസ്ത്രജ്ഞനും, നല്ല ഭരണതന്ത്രജ്ഞനും, വലിയ നിയമപണ്ഡിതനുമൊക്കെ, ഒരു ശിശു തന്റെ മാതാപിതാക്കന്മാരെ കാണുമ്പോൾ എല്ലാ വിശ്വാസവും അവരിൽ അർപ്പിക്കുംപോലെയും അവരിൽ സമ്പൂർണ്ണമായും വിശ്വസിക്കുന്നതുപോലെയും ദൈവത്തിൽ അഥവാ യേശുക്രിസ്തുവിൽ എല്ലാം ഏല്പിച്ചുകൊടുക്കുവാൻ കഴിയണം. അത്ര സമർപ്പണവും പതറാത്ത നിഷ്കപടവിശ്വാസവും നിഷ്ക്കളങ്കമായ സ്നേഹവും “യേശുക്രിസ്തുവിൽ ആയിത്തീരുന്ന” അവസ്ഥയിൽ ഇന്നലെകളിലെ “കാര്യങ്ങളും വീര്യങ്ങളും ഉഴപ്പുകളും രാഷ്ട്രീയ മതധൈഷണിക സ്വഭാവവും” ഒക്കെ തള്ളിക്കളയപ്പെടുന്നു. അതോടെ നാം ആത്മാവിലായ്ക്കഴിഞ്ഞു. ജഡം നമുക്കുണ്ടെന്ന് മാത്രം. ജഡചിന്തകൾ പോയ്മറഞ്ഞു. ബൗദ്ധീകജ്ഞാനം നമുക്കുണ്ട്; പ്രവർത്തിക്കുന്നതെല്ലാം ആത്മമണ്ഡലമാണ്. അതിന് പഴയനിയമ പുതിയനിയമവചനങ്ങളെല്ലാം ഗ്രഹിച്ചിരിക്കുന്നു എന്ന അർത്ഥമല്ല. ശിശുസഹജമായ വിശ്വാസത്തോടെ അറിയാവുന്നതിൽ ഉറച്ചുനിൽക്കുന്നു എന്നാണ്. **സമ്പൂർണ്ണ മാനസാന്തരത്തോടെ സമൂർത്തമായ ഒരു ആന്തരിക പരിവർത്തനം സംഭവിക്കുന്നതിനെയാണ് വീണ്ടുംജനനം എന്ന പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത്.** 100 ശതമാനവും നാം ക്രിസ്തുവിലും അവന്റെ വചനത്തിലും ആകുന്ന ഒര

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
# 1.രക്ഷാശാസ്ത്രം SOTERIOLOGY
## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

വസ്ഥയാണത്.

"നിങ്ങൾ പഴയമനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (കൊളോ.3:9,10) എന്ന് പൗലോസ് അപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നിടത്ത് പഴയ മനുഷ്യന്റെ യാതൊരുഭാവവും പുതുജനനത്തിലുണ്ടാവുകയില്ലെന്നാണ് അർത്ഥമാക്കുന്നത്. "നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന് പുനർജനന സ്നാനംകൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നെ" (തീത്തോ.3:6) എന്ന് തീത്തോസിന്റെ ലേഖനത്തിൽ പറഞ്ഞതിലൂടെ ഉദ്ദേശിക്കുന്നതും വീണ്ടുംജനനാനുഭവം തന്നെ. പുനർജനനസ്നാനവും പരിശുദ്ധാത്മനവീകരണവും- ഇവ രണ്ടും മനുഷ്യനെ ശിശുസഹജമായ വിശ്വാസത്തിൽ കൊണ്ടെത്തിക്കുക തന്നെ ചെയ്യും. 2 പത്രൊ.1:4,5 -ൽ "അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവയില്ലാത്തതുമായ അവകാശത്തിനായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു" എന്നെഴുതിയിരിക്കുമ്പോഴും ആത്മാവിലുള്ള പുതുജനനത്തിന്റെ പ്രാധാന്യം കുറേക്കൂടെ ആഴപ്പെടുകയാണ്. റോമാ.6:13,14-ൽ "നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കുകയുമരുത്. നിങ്ങളെത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊൾവിൻ. നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ". പുനർജനനമെന്ന വീണ്ടുംജനനം ആത്മീയസംഭവമാണ്. അവിടെ പാപം കർത്തൃത്വം നടത്തുകയില്ല. പാപത്തിന് അവിടെ യാതൊരു സ്ഥാനവുമില്ല. അധമമായ യാതൊരു ചിന്തയുമുണ്ടാവുകയില്ല. ഉണ്ടാകുന്നെങ്കിൽ വീണ്ടും ജനിച്ചില്ല എന്നും വീണ്ടുംജനനത്തിലേക്കെത്തിക്കുന്ന മാനസാന്തരം ഇനിയും അകലെയാണെന്നുമാണർത്ഥം. യെഹസ്കേൽ 36:26-ൽ "ഞാൻ നിങ്ങൾക്ക് പുതിയ ഒരു ഹൃദയം തരും, പുതിയൊരാത്മാവിനെ ഞാൻ നിങ്ങളുടെയുള്ളിൽ ആക്കും" എന്നു പറയുമ്പോൾ വീണ്ടുംജനനാനന്തരം സംഭവിച്ച പുതിയതിനെ കർത്താവ് പരിചയപ്പെടുത്തുകയാണ്. ഹൃദയം പുതിയതാകുമ്പോൾ പഴയ ചിന്തകൾ അശേഷം തല ഉയർത്തുകയില്ല. പുതിയ ആത്മാവിനെ ലഭിക്കുമ്പോൾ പഴയ തുരുമ്പു പിടിച്ച ആരാധന അവസാനിച്ചു, ആവർത്തനവിരസതയുള്ള പ്രാർത്ഥനയോടും വിടപറഞ്ഞു എന്നെല്ലാമാണ് ഒന്നാമത്തെ അർത്ഥം. ഭാരതീയ സങ്കൽപ്പമനുസരിച്ചുള്ള സ്ത്രീദേവതാവണക്കമോ കത്തോലിക്കാസമ്പ്രദായമനുസരിച്ചുള്ള, മരിച്ചവരിൽ കൊള്ളാവുന്നവരെ മദ്ധ്യസ്ഥന്മാരാക്കുന്ന പുണ്യാവാള-പുണ്യവതീഭക്താനുഷ്ഠാനങ്ങളോ, ചിന്താമണ്ഡലത്തിൽ നിന്നും അനുഷ്ഠാനാരാധനാ സമ്പ്രദായങ്ങളിൽ നിന്നും പോയി മറയും എന്നൊക്കെയാണ് രണ്ടാമത്തെ അർത്ഥം. കത്തോലിക്കാരീതിയനുസരിച്ച് പതിമൂന്നുമണി ആരാധന, നാല്പതുമണി ആരാധന എന്നൊക്കെ പറയുന്ന പ്രാർത്ഥനാരീതികളുണ്ട്. കുർബ്ബാനയപ്പത്തെ സ്വർണ്ണവർണ്ണമുള്ള ഒരു 'അരുളിക്കാ'യിൽ ഉയർന്ന അലങ്കരിച്ച ഒരു പ്രതലത്തിൽ വെച്ചിട്ട്, പ്രത്യേക വേഷം ധരിച്ച പുരോഹിതൻ അതിനെ തലവണങ്ങി ആചാരം ചെയതിട്ട് ആ അരുളിക്കായിൽ തന്നെ ദൃഷ്ടി കേന്ദ്രീകരിച്ചുകൊണ്ട്, 'സിസ്റ്റേഴ്സിന്റെ' സഹായത്തോടെ ശക്തമായി പാടിയും പ്രാർത്ഥിച്ചും, നിന്നും ഉയർന്നും തല കുമ്പിട്ടും, മൗനമായും ഒക്കെ ആ അപ്പത്തെ ദൈവമായി അനുഭവിക്കുന്നു എന്നു വരുത്തുന്ന അനുഷ്ഠാനകലയാണ് ആ ആരാധന. ആ ആരാധനയിൽ ആത്മാർത്ഥമായി സംബന്ധിക്കുന്നവർക്ക് നല്ലവണ്ണം പാപബോധവും പശ്ചാത്താപവും ഒക്കെളണ്ടാകും. പക്ഷെ അനുഷ്ഠാനം കഴിഞ്ഞ് ആ അന്തരീക്ഷം വിട്ട് മാറു

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

ന്നതോടെ വാക്കിലും പ്രവൃത്തിയിലും പാപങ്ങൾ രംഗപ്രവേശംചെയ്യുകയായി. അപ്പോൾപിന്നെ ആ ആരാധന ഒരു വ്യാജസംഭവമായി എന്നു പറയാം.

ഒറ്റയ്ക്കോ പലർ ചേർന്നോ ജപമാലയുടെ കുരുക്കൾ ഓരോ പ്രാർത്ഥനയോടെയും എണ്ണിയുരുട്ടിതള്ളിവിട്ടുകൊണ്ട് അടുത്തകുരുവിനെ കൈവിരലുകൾ തേടി, ഭക്തി കാണിക്കുന്നതാണ് മറ്റൊരു ആരാധനാരീതി. അവിടെയും സംഗതി ഭക്തി നിർഭരമാണ്. കുർബ്ബാന എഴുന്നെള്ളിച്ചുവെച്ചുള്ള ആരാധനക്കുശേഷം മനുഷ്യർ ലോകപ്രകാരം ജീവിക്കുന്നതുപോലെയും ഈ'അത്ഭുതജപമാല'ക്കുശേഷവും, മനുഷ്യർ പഴയ അവസ്ഥയിലേക്കുപോകുന്നു. 'കുർബ്ബാന'യെന്ന പതിവ് ആത്മീയ സംഭവത്തിൽ പുരോഹിതനോട് ചേർന്ന് ജനം പറഞ്ഞും, പാടിയും, എഴുന്നേറ്റുനിന്നും, മുട്ടിൽനിന്നും ഏകദേശം ഒരു മണിക്കൂറോളം പള്ളിയിൽ സംബന്ധിക്കുന്നിടത്തും സംഭവിക്കുന്നത് അതിനുശേഷം ലോകവ്യവസ്ഥകളിൽ ആ ജനക്കൂട്ടം പെട്ടുപോകുന്നു എന്നതാണ്.

ദൈവംപറയുകയാണ് "ഞാൻ നിങ്ങളുടെമേൽ നിർമ്മജലം തെളിക്കും. നിങ്ങൾ നിർമ്മലരായിത്തീരും. ഞാൻ നിങ്ങളുടെ സകലമലിനതയെയും സകലവിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കി മാംസളമായുള്ളഹൃദയം നിങ്ങൾക്ക് തരും. ഞാൻ എന്റെ ആതമാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും. നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കും" (യെഹ സ്.36:25-27).

ഈ ബൈബിൾ തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുംപോലെ ജനലക്ഷങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വീണ്ടുംജനനം സംഭവിക്കുമ്പോൾ നമുക്ക് ദൈവം പുതിയ ഹൃദയം (പുതിയ തലച്ചോറും) തീർച്ചയായും തരുക തന്നെ ചെയ്യും. കത്തോലിക്കാദേവാലയ ആരാധനകളിൽ ചിലത് അല്പം മുമ്പ് പറഞ്ഞുവല്ലോ. അവിടെ സംഭവിക്കുന്നത് തൊട്ടടുത്ത് മദ്യപാനമുൾപ്പെടെയുള്ള പാപം ഉടനെ സംഭവിക്കാം എന്നതാണ്. എന്നാൽ വീണ്ടും ജനനാനന്തരം പാപം സംഭവിക്കാതിരിക്കത്തക്കവണ്ണം ചിന്തയേയും പഞ്ചേന്ദ്രിയങ്ങളെയും ദൈവം നിയന്ത്രിച്ചിരിക്കും. അത്ര നല്ല ഒരാത്മാവിനെ നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചിരിക്കും. നാം ആ ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കും. അടിയ്ക്കടി പാപചിന്തയെ



എന്റെ പേര് അശോകൻ. ഞാൻ കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിനടുത്ത് വെട്ടിമുകൾ എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് കർത്താവായ യേശു തന്ന വലിയൊരനുഗ്രഹത്തെ ഞാനിവിടെ പ്രിയ ആത്മാഭിഷേകം വായനക്കാരുമായി പങ്കുവെയ്ക്കട്ടെ. ഞാൻ ഒരു ഹോട്ടൽ ജീവനക്കാരനായിരുന്നു. ഒരു ദിവസം ജോലിക്കിടയിൽ അടുപ്പിൽ നിന്ന് തീ പടർന്ന് ദേഹമാസകലം പൊള്ളലേറ്റു. അപ്പോൾത്തന്നെ ഹോസ്പിറ്റലിൽ പോകുകയും ചെയ്തു. അവിടെനിന്നും പറഞ്ഞത് ഇത് കുറെക്കാലം കൊണ്ടു മാത്രമെ കരിയുകയുള്ളു എന്നാണ്. ഞാൻ വലിയ നിരാശയിലായി. അങ്ങനെയിരിക്കെ ദേവസ്യാ മുല്ലക്കര സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാനിടയായി. പ്രാർത്ഥനക്കുശേഷം രണ്ടു ദിവസംകൊണ്ട് പൊള്ളലേറ്റ ഭാഗങ്ങൾ കരിയുവാൻ തുടങ്ങി. ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് എനിക്ക് പരിപൂർണ്ണ സൗഖ്യമായി. വേറെയും നിരവധിയായ അനുഗ്രഹങ്ങൾ കർത്താവ് ഞങ്ങളുടെ കുടുംബത്തിന് ചെയ്തുതന്നിട്ടുണ്ട്. ഈ യേശുവിനെ ഞങ്ങൾ രക്ഷകനും നാഥനുമായി സ്വീകരിച്ചിരിച്ച് ആത്മാവിലും സത്യത്തിലും ആരാധിച്ച് വരുന്നു.

**അശോകൻ. വെട്ടിമുകൾ**

**കോട്ടയം. Ph: 9633196594**

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

സ്വീകരിച്ചിരുന്ന തലച്ചോറിന്റെ 'മെറ്റീരിയൽസ്' വീണ്ടുംജനനത്തിൽ എടുത്തുമാറ്റപ്പെടുകയാണ്. ഒരു ടോർച്ചിലെ പ്രവർത്തനരഹിതമായ ബാറ്ററികൾ മാറ്റി പുതിയ ബാറ്ററികൾ ഇടുന്നതിലൂടെ ടോർച്ചിന്റെ പ്രകാശം എന്നതുപോലെ , പഴയ ബാറ്ററികൾ എടുത്ത് ദൂരെയുപേക്ഷിക്കുകയാണ്. പുതുജനനത്തിലും പഴയതൊക്കെയും ദൈവം എടുത്തുമാറ്റുകയാണ്.

ഒരു കത്തോലിക്കനായിരുന്ന കാലത്ത് പരമഭക്തനായിരുന്നു ഞാൻ. ആ പള്ളികളിലെയും ധ്യാനമന്ദിരങ്ങളിലെയും അനുഷ്ഠാനങ്ങളിൽ 100% വും സമർപ്പണവും വിശ്വാസവും ആയിരുന്നു. പക്ഷെ ബാക്കി സമയങ്ങളിലെല്ലാം ലോകക്കാരനായിരുന്നു. പള്ളിയിൽനിന്നും ധ്യാനമന്ദിരങ്ങളിൽനിന്നും പ്രാർത്ഥനാസ്ഥലത്തുനിന്നും മാറിയാൽ എങ്ങനെയും ആകാം എന്നതാണ് അവിടുത്തെ കാഴ്ചപ്പാട്.

ഇന്ന് ഞാൻ പുതിയ ഹൃദയം കിട്ടിയ വ്യക്തിയാണ്. ലോകക്കാരനല്ല. പുതിയ സ്വഭാവം കിട്ടിയ വ്യക്തിയാണ്. പുതിയ ആത്മാവിനെ കിട്ടിയ വ്യക്തിയാണ്. പുതിയ ജഡം കിട്ടിയ വ്യക്തിയാണ്. പുതിയ ആരാധനയും പുതിയ ശക്തിയും പുതിയ സ്നേഹവും കിട്ടിയ വ്യക്തിയാണ്. എല്ലാം പുതിയതാണ്. പഴയതെല്ലാം മാറിപ്പോയിരിക്കുന്നു. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായിത്തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ" (2 കൊറി.5:17,18). എന്നിൽ പാപം ഇല്ലെന്നല്ല, എന്നാൽ ഞാനിപ്പോൾ ക്രിസ്തുവിലാകയാലും ക്രിസ്തുവിന്റെ ആത്മാവിനാൽ എപ്പോഴും നയിക്കപ്പെടുന്നതിനാലും അവന്റെ വചനങ്ങളെ എപ്പോഴും ഉപാസിക്കുന്നതിനാലും ഒരു പുഴു പൂമ്പാറ്റ ആയ അനുഭവമാണ്. "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാനായി ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു" (1 യോഹ.2:1,2). നമ്മിൽ പാപം ഇല്ല എന്ന് നാം പറഞ്ഞാൽ അത് തന്നെ വലിയ പാപമാണ്. നാം കള്ളന്മാരാകുന്നു. എന്നാൽ പഴയതിനെ വലിച്ചെറിയുവാനും പുതിയതിനെ ആത്മാവിൽ ഉൾക്കൊള്ളുവാനും കഴിയുന്നതിനെയാണ് ബൈബിൾ വിവക്ഷിക്കുന്നത്. എന്നെ ഞാൻ ഉയർത്തിപ്പറഞ്ഞു എന്നല്ല കരുതേണ്ടത്. വീണ്ടും ജനിച്ചാൽ എങ്ങനെയിരിക്കും എന്ന് അനുഭവത്തിൽ നിന്ന് പറയുകയായിരുന്നു.

വചനമെന്ന മായമില്ലാത്ത പാൽ കുടിച്ചുകൊണ്ടിരുന്നാൽ മാത്രം മതി, ഈ പുതുജനനാനുഭവത്തിലേക്ക് നമ്മെ ക്രിസ്തുയേശു കൊണ്ടെത്തിക്കുകതന്നെ ചെയ്യും. "ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളേപ്പോലെ രക്ഷയ്ക്കായി വളരുവാൻ **വചനമെന്ന മായമില്ലാത്ത പാൽ** കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവ് ദയാലു എന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു" (1 പത്രൊ.2:1-5).

എക്സറേയും, എം.ആർ. ഐയും പോലയുള്ള പരിശോധനകൾ ആധുനികവൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങളാണ്. എല്ലുകളിലും ആന്തികാവയവങ്ങളിലുമുള്ള കുഴപ്പങ്ങൾ ഒക്കെയും അത്തരം പരിശോധനകളിലൂടെ ഡോക്ടർ കണ്ടെത്തി ചികിത്സിക്കും. ദൈവവും നമ്മുടെ ആന്തരികവും ബാഹ്യവുമായ എല്ലാ കുഴപ്പങ്ങളും അനായാസമായി കണ്ടെത്തും. എക്സറേ എടുത്താൽ മാത്രം പോരല്ലോ. വിദഗ്ധഡോക്ടറുടെ ചികിത്സയും വേണമല്ലോ എന്നതുപോലെ കർത്താവ് ഹൃദയം പരിശോധിച്ച് കുഴപ്പങ്ങൾ കണ്ടെത്തിക്കഴിഞ്ഞാൽ ദൈവം അവ പരിഹരിക്കുന്നതിനുവേണ്ടി നാം നമ്മെ സമ്മതി

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

പ്പിക്കണം. ഓപ്പറേഷൻ വേണ്ടിവരുന്ന രോഗി ഡോക്ടർക്ക് സമ്മതപത്രം കൊടുക്കണം; രോഗി അല്ലെങ്കിൽ രോഗിയുടെ ബന്ധു. ഈ സമ്മതിക്കലാണ് **'തിരിയൽ'** (മത്താ.18:3) 'മാനസാന്തരം'(മത്താ.4:17) വീണ്ടും ജനനം (യോഹ.3:5). അത് കേവലമായ വിശ്വാസമോ, രക്ഷാകരമായ വിശ്വാസമോ വിശുദ്ധവിശ്വാസമോ, അഭിഷേകം പ്രാപിക്കലോ എന്നതിനേക്കാൾ അപ്പുറമായി മാനസാന്തരത്തിന്റെ ഉന്നതഭാവമായ 'വീണ്ടുംജനന'മാണ്.

ആദ്യജനനം അമ്മയുടെ ഉദരത്തിൽനിന്നാണ്; അപ്പനിൽ നിന്നും ആണ്. വീണ്ടുംജനനം ഇപ്രകാരമുള്ള ജഡങ്ങളിൽനിന്നുമല്ല. **വചനത്താലും ആത്മാവിനാലും** ആണ്. അമ്മയുടെ സ്ഥാനം വചനം കയ്യടക്കുന്നു. പിതാവിന്റെ സ്ഥാനം ആത്മാവിനുമായി. ആദ്യജന്മത്തിലാരംഭിക്കുന്ന ക്രിസ്തീയജീവിതം പാപസമ്മിശ്രമാണ്. അമ്മയുടേയും അപ്പന്റേയും ശരീരാത്മബന്ധങ്ങളുടെ ഒരു പുനരാവിഷ്ക്കാരം മാത്രമാണ് ശിശു. അതോടൊപ്പം ഇവിടുത്തെ സ്കൂൾ-കോളേജ് വിദ്യാഭ്യാസത്തിന്റെ ഒരു സാംസ്ക്കാരിക സമന്വയമാണ് യുവതീയുവാക്കളിൽ നിഴലിക്കുക. ചുംബനസമരാഭാസവും സിനിമകളിലെ നടീനടന്മാരുടെ ഉന്നതകാഴ്ച്ചപ്പാടുകൾ ഇല്ലാത്ത പ്രേമാഭാസവും അടിയും ഇടിയും ബാങ്ക് കവർച്ചകളുമൊക്കെ ഈ യുവജനങ്ങൾ അനുകരിച്ചെന്നിരിക്കും. ആ പ്രായത്തിൽ,സിനിമാതാരങ്ങളും ക്രിക്കറ്റ്വീരന്മാരുമൊക്കെയാണ് മോഡലുകൾ. പക്വതയുടെ പ്രായത്തിലും പലർക്കും മോഡലുകൾ, ബിഷപ്പുമാരോ, ഭക്തി വാരിക്കോരിയെറിയുന്നവരോ, രാഷ്ട്രീയക്കാരോ തത്വചിന്തകരോ ഒക്കെയാണ്. മാധ്യമനേതാക്കളാണ് ചിലർക്ക്.

എന്നാൽ വീണ്ടുംജനനാനുഭവത്തിൽ എല്ലാറ്റിനും പകരക്കാരൻ യേശുക്രിസ്തുവാണ്. "കൃപയും സത്യവും യേശുക്രിസ്തുവിൽ മാത്രമാണ്. "അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപക്കുമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ.1:16,17,18).

കൃപയും സത്യവും യയേശുക്രിസ്തു മുഖാന്തരം വന്നതാണ്. അവ മറ്റാരിലൂടെയും വന്നിട്ടില്ല. കൃപയും സത്യവും യേശുവിനെ ഗർഭം ധരിച്ച് പ്രസവിച്ച് വളർത്തിയവരിലൂടെയോ മദർതെരേസയിലൂടെയോ കാറൽമാർക്സിലൂടെയോ, പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിലൂടെയോ, സ്വാമി വിവേകാന്ദനിലൂടെയോ വന്നിട്ടില്ല. അത് യേശുവിലൂടെ മാത്രമാണ് വന്നത്. അവനെ അറിയേണ്ടതുപോലെ അറിയുമ്പോൾ, അറിഞ്ഞറിഞ്ഞ് വിശ്വസിക്കുമ്പോൾ, വിശ്വസിച്ച് വിശ്വസിച്ച് വരുമ്പോൾ അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപക്കുമേൽ കൃപ ലഭിക്കും. സത്യത്തിന്റെമേൽ സത്യം ലഭിക്കും. ആനന്ദത്തിന്റെമേൽ പരമാനന്ദം ലഭിക്കും. അത് തന്നെയാണ് വീണ്ടുംജനനവും.

മാതാപിതാക്കന്മാരിലൂടെയുള്ള ആദ്യജനനം നമ്മെ ഭൂമിയിലെ ഒരു വീട്ടിലെ അംഗമാക്കിയെങ്കിൽ ഒരു ഗ്രാമത്തിലെയോ ഒരു പട്ടണത്തിലെയോ ജനനരജിസ്റ്ററിലും സ്കൂളിലെ രജിസ്റ്ററിലും ഒക്കെ അംഗമാക്കിയെങ്കിൽ സ്വർഗ്ഗരാജ്യത്തിലെ അംഗത്വമെടുക്കുകയാണ് വീണ്ടും ജനനത്തിലൂടെ. യോഹ.3:5 വീണ്ടും ഉദ്ധരിക്കാം. "ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല" അതുകൊണ്ടാണ് വീണ്ടുംജനനത്തിലൂടെയാണ് നാം ദൈവരാജ്യാവകാശിയാകുന്നതെന്ന് പറയുന്നത്.

വീണ്ടുംജനനാനുഭവം ഇല്ലാത്ത ഏതൊരുവ്യക്തിക്കും 'സയന്റിഫിക് റിസേർച്ചി'ലൂടെ കണ്ടുപിടുത്തങ്ങൾ നടത്തി ലോകത്തിന് വൻ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞേക്കാം. വീണ്ടുംജനനാനുഭവം ഇല്ലാത്തവർക്കും നോബൽസമ്മാനജേതാക്കളോ, ഒളിംമ്പിക് ജേതാക്കളോ ആകുവാൻ കഴിഞ്ഞെന്നിരിക്കും. എന്നാൽ ഇവർക്കും ദൈവരാജ്യപ്രവേശനം ലഭിക്കണമെങ്കിൽ **'ശിശുവിനേപ്പോ'**ലെ ആകണം, ആദ്യജനനാനന്തരം രണ്ടാംജനനാനുഭവത്തിലെത്തിയിരിക്കണം.

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

ഒരു നവജാതശിശുവിന്റെ ആഗ്രഹപ്രകാരമല്ല അവൻ അമ്മയുടെ ഉദരത്തിൽ ഉരുവായതും അമ്മയുടെ പ്രസവവും. അവന്റെ വളർച്ചയുടെ പടവുകളും എല്ലാം മാതാപിതാക്കളുടെ ഇച്ഛയനുസരിച്ചാണ്. എന്നാൽ ദൈവേഷ്ടത്താലാണ് വീണ്ടും ജനനമെങ്കിലും, എല്ലാം കൃപയാലാണെങ്കിലും ആ ഉയർന്ന ആത്മമണ്ഡലത്തിലേക്ക് 'തിരിയു'വാനുള്ള അഭിവാഞ്ച നാം നമ്മിലുണ്ടാക്കേണ്ടതുണ്ട്. ക്രിക്കറ്റ്കളിയോട് താല്പര്യമുള്ളവർക്കേ നല്ലൊരു ക്രിക്കറ്റ്കളിക്കാരനാകാൻ കഴിയൂ. താല്പര്യമുള്ളയാൽ ആ കളി അവസരം കിട്ടുമ്പോഴൊക്കെയും പ്രാക്ടീസ് ചെയ്യും. പിന്നെപ്പിന്നെ കൂടുതൽ മത്സരങ്ങളിൽ പോയി കളിച്ച് ശീലിക്കും.

നിക്കോദേമോസിനോട് യേശുക്രിസ്തു എന്താണ് പറഞ്ഞതെന്ന് അറിയുകയും ആ കഥാപാത്രത്തിന്റെ പ്രാഗത്ഭ്യത്തോടെയുള്ള ജീവിതത്തിനപ്പുറം, ആത്മമണ്ഡലം കൂടി തുറക്കേണ്ടതിന്റെ പ്രാധാന്യം കൂടി ഉടയതമ്പുരാൻ ഉദ്ദേശിച്ചിരുന്നു എന്ന് കൂടി നാം അറിയുകയും, നമ്മിലും ആ ഉയർന്ന ആത്മമണ്ഡലാനുഭവം ഉണ്ടാക്കിത്തരേണമെ എന്ന പ്രാർത്ഥനകൂടി സൃഷ്ടിച്ചെടുക്കുകയും, അതിന് പറ്റിയ വായനയും പഠനവും ശുശ്രൂഷയും പരിശുദ്ധാത്മാവിനോട് സന്തതമുള്ള സഹവാസവും പാപപ്പിശാചുക്കളെ അതിശക്തമായി തോല്പിക്കാനുള്ള വാശിയേറിയ മത്സരവുമൊക്കെ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. ദമ്പതിമാരോ, കമിതാക്കളോ നിരന്തരം കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നതുപോലെ ക്രിസ്തുവിൽനിന്നും ഒരു നിമിഷം വേർപെട്ടിരിക്കാത്ത ഒരു ആത്മീയാവസ്ഥയിലൂടെയേ വീണ്ടുംജനനം സംഭവിക്കൂ.

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല; ജഡത്തിന്റെ ഇഷ്ടത്താലുമല്ല; ദൈവത്തിൽ നിന്നത്രേ ജനിച്ചത്" (യോഹ.1:12,13). നാം യേശുവിനെ വിശ്വാസത്താൽ ദൈവമായി അംഗീകരിച്ചിരിക്കണം. നാട്ടിലെവിടെയും കാണുന്ന സ്വാഭാവികദൈവമല്ല യേശു. ജനനവും, ജീവിതവും, മരണവും, ഉത്ഥാനവുമെല്ലാം മറ്റേതൊരു ദൈവമെന്ന് കരുതിപ്പോരുന്ന, ആരെക്കാളും അസ്വാഭാവികമായിരുന്നു യേശുവിന്റേത്. ഒരു സ്വാഭാവികദൈവത്തിന്റെ യാതൊരു ഗുണവിശേഷങ്ങളുമല്ല, യേശുക്രിസ്തുവിൽ കാണുന്നത്. അങ്ങനെയുള്ള ഒരു ആളത്തത്തെ സ്വന്തം രക്ഷിതാവും ദൈവവുമായി ആജീവനാന്തം സ്വീകരിക്കുന്നവർക്കാണ് ദൈവമക്കളാകുവാൻ കഴിയുന്നത്. അങ്ങനെ ദൈവമക്കളുടെ പദവിയിലെത്തുമ്പോൾ ദൈവരാജ്യപ്രവേശനമായി. അത് തന്നെയാണ് വീണ്ടും ജനനാനുഭവത്തിന്റെ നേർമ്മയും.

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ" കഴിയുമെന്ന യോഹ.1:12-ലെ തിരുവചനം, സുവിശേഷം കേൾക്കുന്നിടത്തേക്കും അവ അനുസരിക്കുന്നിടത്തേക്കും നമ്മുടെ മനസ്സിനെ കൊണ്ടെത്തിക്കുകയാണ്. സുവിശേഷം കേട്ട് കേട്ടാണ് അതിന്റെ ശക്തി തിരിച്ചറിയുന്നത്. ആ ശക്തി പരിശുദ്ധാത്മാവിന്റേതാണ്. നമ്മിൽ സ്വാഭാവികമായും വസിക്കുന്ന പാപസുഖശക്തികളുടെ 'വകതിരിവില്ലായ്മ'യും 'വക്രതയും' സുവിശേഷശക്തിയേക്കാൾ വിലകുറഞ്ഞതും തീർത്തും ജഡികവും ആണെന്നും പരിശുദ്ധാത്മാവിന്റെ പ്രത്യേകകൃപയായ സുവിശേഷം കേൾക്കലിലൂടെ മനസ്സിലാകും. ഒരു പവന്റെ ഒരു സ്വർണ്ണാഭരണം വാങ്ങലാണ് 1000 പവന്റെ മുക്കുപണ്ടം വാങ്ങലിനേക്കാൾ ശ്രേഷ്ഠമെന്ന് തിരിച്ചറിയും.

പാപം നിമിത്തം നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്ന് അകന്നു കഴിയുന്ന വേദനാജനകമായ അവസ്ഥയിലെ, നഷ്ടബോധങ്ങളും വക്രതകളും സുവിശേഷശ്രവണമാത്രയിൽ ക്രിസ്തുവിന്റെ വ്യക്തിപ്രഭാവത്തിന്റെയും ആത്മപ്രഭാവത്തിന്റെയും കാന്തിയാലും മൂല്യത്താലും രൂപാന്തരപ്പെടുകതന്നെ ചെയ്യുന്ന ഒരു പ്രത്യേഘട്ടം, അതു തന്നെയാണ് വീണ്ടുംജനന നിമിഷം. സാധാരണ മനുഷ്യജന്മം ഒരിയ്ക്കലേ ഉള്ളു എന്നതുപോലെ വീണ്ടും ജനനവും ഒറ്റത്തവണയാണ്. വണ്ടും ജനനാന്തരം മാനസാന്തരം പിന്നെയും അനുദിനം

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

തുടർന്നുകൊണ്ടിരിക്കണം. പൗലോസ് അപ്പൊസ്തലൻ കൊലോസ്യർക്ക് എഴുതിയ ലേഖനത്തിൽ 1-ന്റെ 10-13 വരെയുള്ള വചനങ്ങൾ കുറിയ്ക്കാം. "നിങ്ങൾ പൂർണ്ണപ്രസാദത്തിനായി, കർത്താവിന് യോഗ്യമാകുംവണ്ണം നടന്നു. ആത്മികമായി സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ട് നിറഞ്ഞുവരേണം എന്നും, സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണുതക്കും ദീർഘക്ഷമയ്ക്കുമായി, അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന് ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടണമെന്നും വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കുകയും, നമ്മെ **ഇരുട്ടിന്റെ അധികാരത്തിൽനിന്ന്** വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണമെന്നും അപേക്ഷിക്കുന്നു". ഇരുട്ടിന്റെ അധികാരമെന്നത് സാത്താന്റെ അധികാരമാണ്. അത് ദൈവരാജ്യത്തിന്റെ ശത്രുവായ സാത്താന്റെ രാജ്യമാണ്.

വീണ്ടും ജനിക്കാത്ത മനുഷ്യൻ നാല് രാജ്യങ്ങളിലെ സമ്മിശ്രാനുഭവങ്ങളിലാണ്. **1. ലോകരാജ്യം. 2. മതരാജ്യം. 3. പാപരാജ്യം.**


**4. സാത്താന്റെ രാജ്യം.**

ഈ ചതുർവിധരാജ്യങ്ങളുടെ "ആക്രമണ" ടെൻഷനിലാണ് നമ്മൾ. അതിൽനിന്നും മാറുന്നത് അതിന്റെ നേതാക്കന്മാരുടെ കോപത്തിനും കാരണമാകും. ആ സുഖങ്ങൾ തീരുമ്പോൾ ഒരു താല്ക്കാലിക 'അസ്കിത' നമുക്കുണ്ടാവുകയും ചെയ്യും. ആ പ്രലോഭനങ്ങളെ അതിജീവിക്കാതിരിക്കാൻ സാത്താൻ നിർബ്ബന്ധിച്ചുകൊണ്ടിരിക്കും. എന്നാൽ ആ നാല് രാജാക്കന്മാരെയും തകർക്കുവാനും, പുതിയ ക്രിസ്തുവിന്റെ രാജ്യത്തിൽ നമ്മെ പറിച്ചുനടുവാനും ക്രിസ്തുവിന്റെ ശക്തിയായ പരിശുദ്ധാത്മാവിന് യാതൊരുവിഷമവുമില്ല. "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (റോമ.8:2) "ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു" (റോമ.8:4). റോമർ 8:2-ൽ പറഞ്ഞ "സ്വാതന്ത്ര്യം" ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യം ഗലാത്യർ 5-ൽ 1-ാം വാക്യത്തിൽ പറയുന്നതിങ്ങനെയാണ്. "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ. അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്". ഈ ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യം പാപത്തിന്റെയും മരണത്തിൻരെയും പാരതന്ത്ര്യത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം അഥവാ വിമോചനമാണ്.

ഇവിടെ രണ്ട് പ്രമാണങ്ങൾ തമ്മിൽ ഏറ്റുമുട്ടുകയാണ്. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണവും ക്രിസ്തുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണവും. ക്രിസ്തുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണമനുസരിക്കുമ്പോൾ ഗലാ.5:18-ൽ പറയുന്ന ലിസ്റ്റിലുള്ളവർ നൽകുന്ന ബന്ധങ്ങൾ നമ്മെ വിട്ട് പോകും. ഇല്ലെങ്കിൽ ആ തഴക്കദോഷത്തിന്റെ പരിശീലനപരിപാടിയും അവ വീണ്ടും ചെയ്യുവാനുള്ള മനസ്സിന്റെ ഇച്ഛയും ഒരു മനോരോഗം പോലെ നമ്മെ നിർബന്ധിച്ചുകൊണ്ടിരിക്കും.

**1. ദുർന്നടപ്പ്. 2. അശുദ്ധി. 3. ദുഷ്കാമം. 4. വിഗ്രഹാരാധന. 5. ആഭിചാരം. 6. പക. 7. പിണക്കം. 8. ജാരശങ്ക. 9. ക്രോധം. 10. ശാഠ്യം. 11. ദ്വന്ദപക്ഷം. 12. ഭിന്നത. 13. അസൂയ. 14. മദ്യപാനം. 15. വെറിക്കൂത്ത്.**

ഇവർ 15 പേരും സദാ മനുഷ്യന്റെ മനസ്സിനെ ഉലച്ചുകൊണ്ടിരിക്കുകയാണ്. അവയിലെ ദുഷ്കാമത്തെയും മദ്യപാനത്തെയും തൊട്ടുതലോടുന്നവർക്കും വാരിപുണരുന്നവർക്കും ഭയവും നിരാശയും സംശയവും കോപവും "കൂടെപ്പിറപ്പായി" കൂടെത്തന്നെയുണ്ടാകും. അവരുടെ തലച്ചോറും ചിന്തയും അവയ്ക്ക് "അഡിക്റ്റാ"ണ്. ക്രിസ്തുവിന്റെ ആത്മാവിന് അഡിക്റ്റാവുമ്പോഴാണ് ക്രൈസ്തവസ്വാതന്ത്ര്യം അനുഭവിക്കുക. വീണ്ടും ജനിച്ചാലേ ആ പതിനഞ്ച് ബന്ധുക്കൾ നമ്മെ വിട്ടുപിരിയുകയു




ള്ളു. ആ പതിനഞ്ചൊ അവയിൽ ചിലതോ പ്രത്യേകം എടുത്തുപറഞ്ഞ രണ്ടോ ഉള്ളവർ ജഡത്തിൽ ആണ്. അവരുടെ ശരീരം മരണത്തിൽ ആണ്. അവരിൽ ജഡത്തിന്റെ ചിന്തയാണ്. അവർ ജഡത്തെ അനുസരിച്ചാണ് നടക്കുന്നത്. അവർ ജഡത്തിൽ നിന്നുള്ളവരാണ്. അവർ ജഡികരാണ്.

ഇനി അവർ ദൈവാത്മാവിനെ അനുസരിച്ച് നടക്കണം. ആത്മാവിനുള്ളവർ ആത്മാവിന്റെ ചിന്ത മാത്രമുള്ളവരാകണം. പരിശുദ്ധാത്മാവിൽ ജീവിക്കുന്നവരാകണം. അങ്ങനെ ആകുന്നത് ഒരു യഥാർത്ഥ വീണ്ടുംജനനാനന്തരം ആണ്. അപ്പോൾ ആ പതിനഞ്ച് പേരുടെ സ്ഥാനത്ത് ആദ്യം ഗലാ.5:22-ലെ 9 പേർ വരും. **1. സ്നേഹം. 2. സന്തോഷം. 3. സമാധാനം. 4. ദീർഘക്ഷമ. 5. ദയ. 6. പരോപകാരം. 7. വിശ്വസ്തത. 8. സൗമ്യത. 9. ഇന്ദ്രിയജയം.** ഗലാ.5:24 **“ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിച്ചിരിക്കുന്നു”.** ദുഷ്കാമത്തിലും വിഗ്രഹാരാധനയിലും മദ്യപാനത്തിലും അകപ്പെട്ടവർ ഇനിയൊരിക്കലും സുഖപ്പെടുകയില്ലാത്ത ക്യാൻസറിലാണെന്നറിഞ്ഞാലും പിന്നെയും ആ പാപങ്ങളോട് ഒരിക്കൽകൂടി അടുക്കുവാൻ ആഗ്രഹിച്ചുകളയും. ഗലാ.5:22-ൽ പറഞ്ഞ 9 ആത്മമിത്രങ്ങളോടൊപ്പം 1 കൊറി.12:8-മുതൽ പറയുന്ന 9 കൃപാവരങ്ങളിൽ പലരും ആത്മാവിൽ വീണ്ടുംജനനം പ്രാപിച്ചവരോട് ബന്ധുത്വം സ്ഥാപിക്കും. 1. ജ്ഞാനത്തിന്റെ വചനം. 2. പരിജ്ഞാനത്തന്റെ വചനം. 3. വിശ്വാസം. 4. രോഗശാന്തി. 5. വീര്യപ്രവൃത്തി. 6. പ്രവചനം. 7. വിവേചനം. 8. പലവിധഭാഷകൾ. 9. ഭാഷകളുടെ വ്യാഖ്യാനം. വീണ്ടുംജനനാനന്തരം മാത്രമാണ് ഈ 18 ആത്മമിത്രങ്ങൾ മുഴുവനുമോ അവരിൽ ദൈവം കൃപയാൽ അനുവദിക്കുന്നവരോ നമ്മോട് ബാന്ധവത്തിലാകുന്നത്.

ആത്മാവിന്റെ കൃപാവരങ്ങൾ ലഭിച്ചവർ വീണ്ടും ജനിക്കാത്തവർ ആണെങ്കിൽ ആ ലഭിച്ച അനുഗ്രഹത്തിൽ മദിക്കുകയും അവയെ ദുർവിനിയോഗം ചെയ്യുകയും ചെയ്യും. കേവലം മാനസാന്തരത്തിന്റെ ആദ്യാനുഭവങ്ങളിൽപെട്ടവർക്കും കൃപാവരങ്ങൽ ലഭിച്ചേക്കാം. എന്നാൽ മാനസാന്തരത്തിന്റെ പരിപൂർണ്ണതയിലേയ്ക്കെത്തി, വീണ്ടും ജനിച്ചു കഴിഞ്ഞവർക്ക് ലഭിക്കുന്ന കൃപാവരങ്ങൾ അവർ ദൈവനാമ മഹത്വത്തിനായി മാത്രം ഉപയോഗിച്ചുകൊണ്ടിരിക്കും. അല്ലാത്തവർ അവരവരുടെ മഹത്വത്തിനും, പിശാചിന്റെ മഹത്വത്തിനും വേണ്ടി ഉപയോഗിക്കും. പ്രസംഗാനന്തരം, പ്രാർത്ഥനയ്ക്ക് ആവശ്യമുള്ളവർ മുൻപോട്ട് കയറിവരുവാൻ പറയുമ്പോൾ കുറച്ചധികം ആളുകൾ മുൻപോട്ട് ചെല്ലും. അപ്പോൾ തലയിൽ കൈ വെച്ച് പ്രാർത്ഥിക്കുകയാണെന്ന വ്യാജേന കൈ ബലമായിപ്പിടിക്കുകയോ അമർത്തി മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത വിധത്തിൽ ഉന്തുകയോ ചെയ്യുന്നവർ ഇക്കാലത്ത് ശുശ്രൂഷകരുടെകൂടെയുണ്ട്. അപ്പോൾ വീഴാൻ ആഗ്രഹിച്ച് ചെല്ലുന്നവരും ഉണ്ട്. ആന്തരികമായതോ ബാഹ്യമായതോ ആയ ഒരു വിടുതലും കിട്ടിയില്ലെങ്കിലും വലിയ വിടുതൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തുന്നവരും ഇല്ലാതെയില്ല. വീണ്ടും ജനിക്കാത്തതും മാനസാന്തരത്തിന്റെ പൂർണ്ണതയിലെത്താത്തതുമാണ് ഇതിന്റെയൊക്കെ കാരണങ്ങൾ. ഊതിവീഴ്ത്തലുകാരും എണ്ണയോ, വെള്ളമോ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരുതരം മാന്ത്രികവീഴ്ത്തലിന് പ്രേരിപ്പിക്കുന്നവരും ‘ഹിപ്നോട്ടിസം’ പഠിച്ചവരാകണമെന്നില്ലെങ്കിലും പഠിച്ചവരും അക്കൂടെയുണ്ടായിക്കൂടെന്നില്ല.

റോമാ ലേഖനം 12-ാം അദ്ധ്യായം 1-ഉം 2-ഉം വാക്യങ്ങൾ കുറിയ്ക്കട്ടെ. “സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർമ്മിപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ” .

## വേർപാടും വിശുദ്ധിയും

“വേർപാടും വിശുദ്ധിയും” എടുക്കണമെന്നതാണ് ഇവിടെ

# സത്യ ദൈവശാസ്ത്രം TRUE THEOLOGY

## 1. രക്ഷാശാസ്ത്രം SOTERIOLOGY

### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

അപ്പൊസ്തലനായ പൗലോസ് ഗൗരവമായി പഠിപ്പിക്കുന്നത്. വില അധികമില്ലാത്ത വസ്ത്രങ്ങൾ ധരിക്കുന്നതിനെയും ആഭരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിനെയും വേർപാടും വിശുദ്ധിയുംഎന്നതിന്റെ ബാഹ്യചിഹ്നങ്ങളായി കരുതാവുന്ന ലക്ഷണങ്ങളാണ്. കേരളത്തിൽ ആഭരണവർജ്ജനം ഒരു പാരമ്പര്യം തന്നെയാണ്, ലക്ഷോപലക്ഷങ്ങൾക്ക്. ആനിഷ്ഠ പാപവർജ്ജനത്തിലും സ്നേഹോഷ്മളമായ പെരുമാറ്റത്തിലും അവർക്ക് പുലർത്തുവാൻ പറ്റുന്നവരുമുണ്ട്, പറ്റാത്തവരുമുണ്ട്. ആഭരണങ്ങൾ ഒരിക്കലും അത്യാവശ്യങ്ങളല്ല. അവ ഒരു സമ്പാദ്യം ആണ്. ആഭരണസമ്പാദ്യത്തിന് പകരമായി വേറെ സമ്പാദ്യങ്ങൾ കരുതുന്നുണ്ടെങ്കിൽ അതൊരു ഇരട്ടത്താപ്പാണ്. സ്ത്രീകളുടെ ബാഹ്യസൗന്ദര്യമോടി വർദ്ധിപ്പിക്കാൻവേണ്ടി സഹായിക്കുന്നുണ്ട് ആഭരണധാരണം എന്നത് തർക്കമറ്റ സംഗതിയാണ്. അതുകൊണ്ട് അതിനോട് വേർപാട് എടുക്കാം. എന്നാൽ ശരീരത്തെയും ഹൃദയത്തെയും വിശുദ്ധീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആഭരണവർജ്ജനം ഒരു ഫരിസേയമനോഭാവംപോലെ ബാഹ്യാനുഷ്ഠാനം മാത്രമാകും.

ശരീരത്തെ വിശുദ്ധമാക്കുക തന്നെ വേണം. അതാണ് റോമ.12-ലെ പ്രമുഖ ഉപദേശം. ശരീരത്തെ ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിക്കണം. മാത്രമല്ല ജീവൻ നിറഞ്ഞതും വിശുദ്ധികലർന്നതുമാക്കണം. നമ്മുടെ ശരീരത്തെ തന്നെയായിരിക്കണം യാഗമാക്കേണ്ടത്-ആരാധനാ വസ്തുവാക്കേണ്ടത്. നാം നമ്മുടെ ശരീരത്തെ പാപബദ്ധമാക്കിയിരിക്കെ, മേശപ്പുറത്ത് ഏതെങ്കിലും പദാർത്ഥങ്ങളെ-അത് മുന്തിരിച്ചാറായാലും 'ഫ്രഷ്അപ്പം' ആയാലും-യാഗപദാർത്ഥങ്ങളായി ഉപയോഗിക്കുന്നതിൽ ഒരു പ്രദർശന പരത മാത്രമെ ദൈവം കാണൂ.

കുഞ്ഞാടുകളെയാണ് പഴയനിയമകാലത്ത് യാഗവസ്തുക്കളാക്കിയിരുന്നത്. ആ കുഞ്ഞാടുകൾക്കെവിടെയായിരുന്നു ദൈവീകജീവൻ ? മനുഷ്യശരീരങ്ങൾക്ക് മാത്രമല്ലേ, ദൈവീകജീവൻ ഉള്ളൂ. യഹൂദ ദേവാലയങ്ങളിൽ യഥാർത്ഥ ആത്മീയ**ജീവൻ** ഇല്ലാത്ത ബലിമൃഗങ്ങളെയാണ് അർപ്പിച്ചിരുന്നത്. ആത്മീയജീവൻ ഇല്ലാത്തവയെ അർപ്പിച്ചാൽ ആ യാഗവും അനാത്മീകമാവുകയില്ലേ. അക്കാലത്തെ യാഗങ്ങളൊക്കെയും അനാത്മീകയാഗങ്ങളായിരുന്നു. അവയൊക്കെയും ക്രിസ്തുവിന്റെ യാഗത്തിന്റെ നിഴലുകളായിരുന്നു. ക്രിസ്തുവിന്റെ ശരീരയാഗം ബുദ്ധിയുള്ള ആരാധനയായിരുന്നു. ആ ശരീരത്തിൽ പാപലേശസ്പർശനമില്ലായിരുന്നു. ജീവനുള്ളതും പാപമില്ലാത്തതുമായിരുന്നു ക്രിസ്തുവിന്റെ ശരീരം. ആ ശരീരത്തെ ബലിയർപ്പിച്ചപ്പോൾ



ഞാൻ ശാന്തി. കോട്ടയം ജില്ലയിൽ മുണ്ടക്കയത്തിനടുത്ത് ഏന്തയാർ എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് തലക്കുള്ളിൽ വലിയ വേദനയും പുകച്ചിലും വന്നപ്പോൾ ഹോസ്പിറ്റലിൽ പോയി പരിശോധിക്കുവാനിടയായി. പരിശോധനക്കുശേഷം ഡോക്ടേഴ്സ് പറഞ്ഞു ഡൈ ചെയ്തതുമൂലമുള്ള അലർജിയാണെന്നും മരുന്ന് കഴിച്ചാൽ മതിമാറുമെന്നും പറഞ്ഞു. പക്ഷെ മരുന്ന് കഴിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. അങ്ങനെയിരിക്കെയാണ് കണ്ണൂർ ജില്ലയിലുള്ള പുളിങ്ങോം എന്ന സ്ഥലത്തുള്ള ആത്മാഭിഷേകം വചനാശ്രമത്തിൽ ദേവസ്യാമുല്ലക്കരസാറിന്റെ നേതൃത്വത്തിലുള്ള ഒരു ധ്യാനത്തിൽ പങ്കെടുക്കുവാനിടയായത്. അവിടെ വെച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുശേഷം സാർ പറഞ്ഞു തലയിൽ ഒരു വലിയ ട്യൂമർ ഉണ്ടെന്നും ഈ നിമിഷം തന്നെ കർത്താവ് അത് സുഖപ്പെടുത്തിയെന്നും. ഞാൻ അത് വിശ്വസിച്ച് ഏറ്റെടുത്തു. പ്രിയമുള്ളവരെ, പിന്നീട് ഈ നിമിഷം വരെ എനിക്ക് തലയിൽ യാതൊരു അസ്വസ്ഥതകളുമുണ്ടായിട്ടില്ല. എനിക്ക് ആരോഗ്യം തന്ന് ഈ കർത്താവിനുവേണ്ടി ഞാനിപ്പോൾ എന്റെ ജീവിതം സമർപ്പിച്ചിരിക്കുന്നു.

**ശാന്തി. ഏന്തയാർ. മുണ്ടക്കയം.**

**Ph: 9747674954**




ദൈവത്തിന് പ്രസാദമായി.

നമ്മുടെയും ബലിയർപ്പണം അഥവാ ബുദ്ധിയുള്ള ആരാധനയിൽ രണ്ട് ഘടകങ്ങളാണ് വേണ്ടത്. 1. ജീവനും പരിശുദ്ധിയുമുള്ള ശരീരം. 2. പുതുക്കം പ്രാപിച്ച മനസ്സ്. ഇവയാണ് അപ്പവും വീഞ്ഞും. ശരീരത്തിൽ അശുദ്ധിയുണ്ടെങ്കിൽ മനസ്സിൽ ഏതെങ്കിലും കയ്പുണ്ടെങ്കിൽ അസ്വസ്ഥതയുണ്ടെങ്കിൽ ഈ ലോകത്തിന് അനുരൂപരായിപ്പോകും. അപ്പോൾ ഈ ലോകം എങ്ങനെയുള്ളതാണെന്നും നാം ഈ ലോകത്തെപ്പോലെതന്നെയോ എന്നതുമാണ് പരിശോധിക്കേണ്ടത്. 1 യോഹ.2:15,16,17 ഉദ്ധരിക്കാം. "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനിൽ പിതാവിന്റെ ഇഷ്ടം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിൽ ഉള്ളത് എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേയ്ക്കും ഇരിക്കുന്നു".

ഒരാൾ ഈ ലോകത്തിന് അനുരൂപനാകുമ്പോൾ പിതാവിന് അനുരൂപനാകാതെ പോകുന്നു. പിതാവിനനുരൂപനാകാതെ പോകുമ്പോൾ, പിശാചിന്റെ പ്രവൃത്തികൾ തിരിച്ചറിയാതെ പോവുകയും അയാൾ ജഡമോഹത്താലും കൺമോഹത്താലും ജീവനത്തിന്റെ പ്രതാപമാകുന്ന അഹങ്കാരത്താലും നടക്കുകയും ചെയ്യും.

<u>**ചടങ്ങ്**</u> :- ചത്ത യാഗമൃഗങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള പഴയനിയമ ആരാധന ചടങ്ങായിരുന്നു. യേശുക്രിസ്തുവിനെ ചത്തു കഴിഞ്ഞല്ല അർപ്പിച്ചത്. ജീവൻ തുടിക്കുമ്പോഴാണ്. അതൊരു ചടങ്ങായിരുന്നില്ല. നമ്മുടെ ആരാധനകൾ ചടങ്ങുകളാകുവാൻ പാടില്ല. നമ്മുടെ ആദ്ധ്യാത്മികാഭ്യാസങ്ങളൊക്കെയും വെറും ചടങ്ങാകുന്നതാണ് ഈ ലോകത്തിന്റെ സകല അസ്വസ്ഥതകൾക്കും കാരണം. വചനപ്രഘോഷകരിൽ പുരോഹിതന്മാരുടേയും പാസ്റ്റർമാരുടേയും ശ്രദ്ധിക്കുക. പുരോഹിതന്മാരുടേത് തൊണ്ണൂറ്റൊമ്പത് ശതമാനത്തിന്റേയും, പതിവുള്ളതും, ചടങ്ങായിട്ടുള്ളതും തന്നെയാണ് എന്ന് ദൂരെനിന്ന് പഠിച്ചിട്ട്, ബൈബിളിനോട് ഒത്തുനോക്കുന്നവർക്ക് മനസ്സിലാകും. ഞാൻ ഉൾപ്പെടെയുള്ള പാസ്റ്റർമാരിൽ, വചനപരിജ്ഞാനവും അഭിഷേകപരിജ്ഞാനവും, വിശുദ്ധിയുടെ പരിജ്ഞാനവും ഒത്തുചേർന്നവർ എത്രപേരുണ്ട് ? ആ ഉള്ളവരുടെ മാത്രം ആരാധനയും പ്രാർത്ഥനയും ചടങ്ങുകളല്ല.

ഊതിവീഴ്ത്തലുകാർ, ഉന്തിവീഴ്ത്തലുകാർ, വെള്ളക്കുപ്പിയോ എണ്ണക്കുപ്പിയോ ഒരു ഹിപ്നോട്ടിസ്റ്റ് ശൈലിയിൽ ഉയർത്തിപ്പിടിച്ച് ആളുകളെ വീഴ്ത്തുന്നവർ, ശാപം വെട്ടുന്ന ശുശ്രൂഷകൾക്ക് പൊടിപ്പും തൊങ്ങലും കൊടുക്കുന്നവർ, ദൈവവചനത്തെ സമ്പൽസമൃദ്ധിയുടെ സുവിശേഷമെന്ന് പ്രഖ്യാപിക്കുന്നവർ, ഇതാ ഇന്ന് നിനക്കനുഗ്രഹം എന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്നവരുടേതെല്ലാം ചടങ്ങുകളും 'സിനിമാറ്റിക്സ്റ്റൈലുകളും' ആണ്.

<u>**രോഗസൗഖ്യം- ഒരു മർമ്മം**</u>

രോഗികളെ കേൾക്കുന്നതും അവരെ സമാധാനിപ്പിക്കുന്നതും, രോഗശാന്തിയുടേയോ പ്രവചനത്തിന്റേയോ 'ഡെലിവറൻസിന്റെ'യോ കൃപാവരങ്ങൾ ദൈവത്തിൽനിന്ന് പ്രാപിച്ചവർ, പണമുണ്ടാക്കുവാനോ സ്വന്തം സ്ഥാനമാനങ്ങൾ ഉയർത്തുവാനോ വേണ്ടിയല്ലാതെ യഥാർത്ഥ ശുശ്രൂഷക്കുവേണ്ടി ആ കൃപാവരങ്ങളെ ഉപയോഗിക്കുന്നുവെങ്കിൽ അത് ദൈവഹിതം ആണ്.

അന്നത്തെ ശിഷ്യന്മാരോടും എന്നത്തേയും (ശുശ്രൂഷകരായ) ശിഷ്യന്മാരോടും കർത്താവ് ഇങ്ങനെ പറഞ്ഞു : "നിങ്ങൾ പോകുമ്പോൾ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഘോഷിപ്പിൻ. രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിക്കുവിൻ; കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ. ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ" (മത്താ.10:7,8).

നാം, മാനസാന്തരപ്പെട്ട്, വീണ്ടും ജനിച്ച് അഭിഷേകം പ്രാപിച്ചിരിക്കണം. എങ്കിലേ ദൈവരാജ്യം എന്താണെന്ന് ഗ്രഹിക്കുവാൻ കഴിയൂ. അത് ഗ്രഹിച്ചവർക്കേ അത് ഘോഷിക്കുവാൻ കഴിയൂ. ഒരു ശുശ്രൂഷകന്റെ ഒന്നാമത്തെ ജോലി ക്രിസ്തുവിനെ





അഥവാ സ്വർഗ്ഗരാജ്യത്തെ പ്രസംഗിക്കുക എന്നതാണ്. പഴയനിയമം എന്ന നിഴൽ അദ്ദേഹമറിഞ്ഞിരിക്കണം. പുതിയനിയമമെന്ന പൊരുൾ ആഴത്തിലും അറിഞ്ഞിരിക്കണം. അപ്പോഴാണ് ത്രീയേകദൈവത്തെ, പ്രത്യേകിച്ചും, ത്രിത്വത്തിലെ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ആത്മാവിനെയും പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയുക. ആ പ്രഘോഷണത്തോടൊപ്പം രോഗികളെ സുഖപ്പെടുത്തുവാൻ കർത്താവിനോട് പ്രാർത്ഥിക്കാം. കൃപാവരങ്ങൾ ഉപയോഗിക്കാം. വിടുവിക്കുന്നത് മനുഷ്യനല്ല, ദൈവമാണ്, അഥവാ ക്രിസ്തുവാണ്, അഥവാ പരിശുദ്ധാത്മാവാണ്. രോഗശാന്തിശുശ്രൂഷയോ ഭൂതശാന്തിശുശ്രൂഷയോ ചെയ്യുന്നത് മനുഷ്യനാണ് അനുഗ്രഹിക്കുന്നത് ദൈവവുമാണ്. ആധുനിക ചികിത്സാശാസ്ത്രം നല്ലപോലെ വളർന്നിട്ടുണ്ട്. ഇത്തരം കണ്ടുപിടുത്തങ്ങൾ മനുഷ്യന്റേതെങ്കിലും ദൈവത്തിന്റെ മനുഷ്യസ്നേഹമാണ് അതിന്റെ പിന്നിലുള്ള ശക്തിയെന്ന് നാം തിരിച്ചറിയണം. തിരിച്ചറിഞ്ഞേ പറ്റൂ. ഹൃദയംമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളൊക്കെ ഡോക്ടർമാരെക്കൊണ്ട് വിജയിക്കുന്നത്, ആ ശാസ്ത്രശാഖയെ വളർത്തിയെടുക്കുവാൻ ദൈവം കൃപ ചൊരിഞ്ഞതുകൊണ്ടാണ്.

എന്നാൽ യേശുക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് തന്റെ സമീപത്തെത്തിയ രോഗികളെയും പിശാചുബാധിതരെയും യേശുക്രിസ്തുവും അപ്പോസ്തലന്മാരും സുഖപ്പെടുത്തുകയായിരുന്നു. വെറും അവിശ്വാസികൾക്കുവേണ്ടി അവർ അത് ചെയ്തതുമില്ല. യേശു ദൈവമായതുകൊണ്ട് പെട്ടെന്ന് വൈദ്യശാസ്ത്രത്തെ വളർത്തി, തന്റെയടുക്കൽ വരാൻ സാധ്യതയുള്ളവരോട്, ആ മാർഗ്ഗം സ്വീകരിച്ചോ എന്ന് പറയാമായിരുന്നിട്ടും പറഞ്ഞില്ലല്ലോ ? വിശ്വാസത്തോടെ തന്നെ സമീപിച്ചവരെ അനുഗ്രഹിച്ച അതേ ദൈവം ഇന്നും ജീവനോടെയിരിക്കുന്നതുകൊണ്ടാണ് വിശ്വാസികളെ ഉപയോഗിച്ചുകൊണ്ട് വിശ്വാസമുള്ളവരെ സുഖപ്പെടുത്തുന്നത്. ദൈവനാമ മഹത്വത്തിനായി ചിലപ്പോൾ അവിശ്വാസികളെയും സുഖപ്പെടുത്തിയെന്നിരിക്കും.

ദൈവരാജ്യം സമാഗതമായി എന്നതിന്റെ തെളിവുകൂടിയാണ് ഈ സുഖപ്പെടുത്തലുകൾ. ഒരു പുതുയുഗപ്പിറവിയെയാണ് ഇത് കാണിക്കുന്നത്. നല്ല മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും ആത്മാവിലേക്കും വളർന്ന, വീണ്ടും ജനനം പ്രാപിച്ച ഒരാൾക്കേ ഈ സുഖപ്പെടുത്തൽ എന്ന മർമ്മം മനസ്സിലാകൂ.

ദൈവം ആയ യേശുക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളായ സർവ്വജ്ഞാനം, സർവ്വശക്തി, വിശുദ്ധിയുടേയും സ്നേഹത്തിന്റെയും ഉടലാണ്ട അവസ്ഥ എന്നിവയുടെ സമ്യക്കായ സമ്മേളനം ആണ് രോഗാവസ്ഥയിലുള്ള വ്യക്തിയോടുള്ള ഈ കരുണകാണിയ്ക്കലിൽ ഉള്ളത്. ഒരു റോസാപ്പൂവിന് നറുമണം പരത്താൻ പ്രത്യേകിച്ച് എങ്ങുനിന്നും ആ നറുമണം വാങ്ങിക്കൊണ്ടുവരികയോ യാതൊന്നും ചെയ്യേണ്ടതില്ല. ആ നറുമണം പൂവിന്റെ സ്വഭാവമാണ്. അതുപോലെ യേശുവിന്റെ സ്വഭാവമാണ് സ്നേഹിക്കുക എന്നതും കരുണ കാണിക്കുക എന്നതും. റോസാച്ചെടിയുടെ അടുത്ത് ചെല്ലുന്നവർക്കാണ് ആ നറുമണം ലഭിക്കുക. ആ പൂവിനെ തഴുകി കടന്നുവരുന്ന മന്ദമാരുതൻ സഞ്ചരിക്കുന്നിടത്ത് ആയിരിക്കുന്നവർക്കും ആ നറുമണം ലഭിക്കും. അതുപോലെ വിശ്വസിച്ച് അടുത്തുചെല്ലണം, നമ്മൾ. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളെ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല. രോഗികളുടെമേൽ കൈകൾ വെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു" (മർക്കോ.16:16-18).

പാപത്തിൽ നിന്നും രോഗത്തിൽ നിന്നും സാത്താനുയർത്തുന്ന ബന്ധനങ്ങളിൽ നിന്നും ഏതൊരു ക്രിസ്തുവിശ്വാസിക്കും അവിടുത്തെ കൃപയാൽ വിടുതലുണ്ട് എന്ന മർമ്മം പല വിഷയങ്ങളിലും കയറിയുമിറങ്ങിയും ഇനിയും വരേണ്ടതുണ്ടെന്നതിനാൽ പല വചനപണ്ഡിതന്മാരും




മർമ്മം എന്നു പറയാതെ അവഗണിച്ചേക്കാവുന്ന 'സുഖപ്പെടുത്തൽ' എന്ന മർമ്മത്തേപ്പറ്റി കുറച്ചെഴുതിയെന്നേയുള്ളൂ.

ബൈബിളിലെ പുതിയനിയമത്തിലൂടെ മിഴിവേറി നിൽക്കുന്ന ക്രൈസ്തവാദ്ധ്യാത്മികതയിലെ 'വിടുതലിലെ' 'സുഖപ്പെടുത്തൽ' എന്ന സത്യമർമ്മം വെളിപ്പെടാതിരിക്കേണ്ടത് സാത്താന്റെയും, ലോകമതസംസ്ക്കാരങ്ങളുടേയും, വ്യത്യസ്തതത്ത്വശാസ്ത്രങ്ങളുടേയും, പഴയനിയമത്തിൽ വേര് പിടിച്ചതും പുതിയനിയമത്തിൽ വേരില്ലാത്തതുമായ 'പൗരോഹിത്യം' എന്ന വിഷയത്തിന്റെയും, മരിച്ചിട്ട് ഉയർത്തിട്ടില്ലാത്ത മനുഷ്യരെ പിടിച്ച് പുണ്യവാളപുണ്യവതീ പദവി നൽകിയുയർത്തുന്ന ആത്മീയ കാടത്തത്തിന്റെയും നിലനിൽപ്പിനാവശ്യമായതുകൊണ്ടും ഭൂരിപക്ഷം വിശ്വാസികളും ജനങ്ങളും സുഖപ്പെടുവാൻവേണ്ടി മെഡിക്കൽ സയൻസിനെ ആശ്രയിച്ചുപോകുന്നുവെന്ന കാര്യം നാം മറക്കാതിരിക്കുക.

**എന്നാൽ മാനസാന്തരവും വീണ്ടുംജനനവും യഥാർത്ഥത്തിൽ പ്രാപിച്ച് രക്ഷയുടെ അനുഭവത്തിലേക്ക് വിശ്വാസത്തിലൂടെ വന്നവർക്ക് ആത്മാവിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടുകൂടി, ഏറ്റവുമധികമായി അവരിലൂടെ സുഖപ്പെടുത്തൽ നടന്നുകൊണ്ടേയിരിക്കും.**

### പരിശുദ്ധാത്മസ്നാനം

പരിശുദ്ധാത്മസ്നാനം വഴിയേ വീണ്ടുംജനനം സംഭവിക്കൂ. പരിശുദ്ധാത്മസ്നാനം വഴി ദൈവം ഓരോ വ്യക്തികളേയും പുന:സൃഷ്ടി നടത്തും. രൂപാന്തരം വരുത്തും. തീത്തോ.3:6-ൽ ആ സത്യം രേഖപ്പെടുത്തിയിരിക്കുന്നു. "നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന് **പുനർജനന സ്നാനംകൊണ്ടും** നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന **പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും** തന്നെ".

ഈ പുനർജനന സ്നാനം വിശ്വാസസ്നാനമല്ല. വിശ്വാസികൾ തങ്ങളെത്തന്നെ ദൈവത്തിനും വചനത്തിനും സമർപ്പിക്കുമ്പോൾ അവർക്ക് തുടർച്ചയായി അനുഗ്രഹദായകമായി പകരപ്പെടുന്ന സ്വർഗ്ഗീയജീവനെയാണ് പുനർജനന സ്നാനം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. പരിശുദ്ധാത്മസ്നാനമേറ്റ വ്യക്തി യേശുക്രിസ്തുമൂലം പരിശുദ്ധാത്മനവീകരണത്തിനും വിധേയപ്പെട്ടുകൊണ്ടേയിരിക്കും. തന്റെ കൃപയുടേയും ശക്തിയുടേയും സമൃദ്ധമായ ആത്മീയ അടയാളങ്ങളായി അനുസ്യൂതമായി ദൈവം വിശ്വസിക്കുന്നവർക്ക് അവ നൽകിക്കൊണ്ടിരിക്കും.

എഫേസ്യലേഖനത്തിൽ

ശേഷം 21-ാം പേജിൽ



ഞാൻ സുനിതാ ഡേവിഡ്സൺ. പത്തനംതിട്ട ജില്ലയിൽ പത്തനാട് എന്ന സ്ഥലത്ത് താമസിക്കുന്നു. ഞാൻ വിശ്വാസത്തിൽ വന്ന് സ്നാനം സ്വീകരിച്ച ഒരു വ്യക്തിയും തിരുവല്ല സഭയിലെ അംഗവുമാണ്. വിശ്വാസജീവിതത്തിൽ വന്ന ശേഷമാണ് എനിക്ക് ഹെർണിയാ മുഴ വന്ന് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടതായി വന്നത്. എങ്കിലും ഇത് എന്റെ വിശ്വാസജീവിതത്തെ ഒട്ടും ബാധിച്ചില്ല. ഞാൻ വിശ്വാസത്തിൽ ഉറച്ചുതന്നെ നിന്നു. എന്റെ ദൈവം ഇതിൽ നിന്നും എനിക്ക് മാറ്റം തരുമെന്ന് തന്നെ ഞാൻ വിശ്വസിച്ചു. അത് കാരണം ഞാൻ ചികിത്സകൾക്കൊന്നും പോയതുമില്ല. അങ്ങനെയിരിക്കെ ദേവസ്യാ സാറിന്റെ പ്രാർത്ഥനാശുശ്രൂഷ മഞ്ഞാടിയിൽ വരികയും ഞാൻ അതിൽ സംബന്ധിക്കുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാനിടയാവുകയും ചെയ്തു. പ്രാർത്ഥനക്കുശേഷം പൂർണ്ണമായി മാറിയില്ലെങ്കിലും എനിക്ക് നേരത്തെയുണ്ടായിരുന്ന ബുദ്ധിമുട്ടുകൾക്ക് നല്ല മാറ്റമുണ്ട്. ഇനിയും ഞാൻ വിശ്വസിക്കുന്ന എന്റെ ദൈവം എന്നെ അനുഗ്രഹിക്കുമെന്ന് എനിക്ക് നല്ല ഉറപ്പുമുണ്ട്.

**സുനിതാ ഡേവിഡ്സൺ. പത്തനാട്. Ph:7025163234**

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്
ഞായർ: 10.30 am to 1 pm (ആരാധന)
ബുധൻ (പ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
YMCA ഓഡിറ്റോറിയം
ഞായർ: 10 am to 1 pm
(ആരാധന)

### ആലപ്പുഴ ജില്ല



**പാ.രാധാകൃഷ്ണൻ**
Mob:8086425080
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി
ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ
ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm




**പാ:യേശുദാസ് പുളിക്കൽ &**
Ph:9446745148
**പാ. ബിജു**
Ph:9447116820

**മാവേലിക്കര**
പുതിയകാവ് YWCA ഓഡിറ്റോറിയം
ഞായർ: 2.30 pm 5.00 pm (ആരാധന)

### കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ,
ചിന്നക്കട, റെയിൽവെ
ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

**ഭവന കൂട്ടായ്മകൾ: -**
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



**പാ. സോജൻഎബ്രഹാം**
Mob:9037705419
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ: 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ
ഓഡിറ്റോറിയം 3.00 pm – 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ
കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

### തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm

**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)

**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
കരമന,3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം
ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം
സാവിത്രിഭവനം10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം4.30 pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, പാറോട്ട്കോണം,4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to 4 pm (ആരാധന)




15-ാം പേജിൽ നിന്നും തുടർച്ച

അപ്പൊസ്തലനായ പൗലോസ് പറയുന്നതുംപഠിക്കാം."നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊള്ളുവിൻ" (4:23,24) സാധാരണജനനം ഒരിയ്ക്കലേ നടക്കൂ എന്നതുപോലെ വീണ്ടുംജനനം, ഒരിയ്ക്കലേ നടക്കൂ. ഒരിയ്ക്കൽ സാധാരണജനനം പ്രാപിച്ച ശിശുവിനെ പലപ്പോഴായി കുളിപ്പിച്ച് ശുദ്ധിവരുത്തിക്കൊണ്ടേയിരിക്കുന്നതുപോലെ, വീണ്ടുംജനനം പ്രാപിച്ചവർ തിരുവചനജലത്താലും ആത്മാഭിഷേകജലത്താലും പലവട്ടം ഉള്ളിലെ ആത്മാവു സംബന്ധിച്ച് പുതുക്കം പ്രാപിക്കും എന്നാണ് പൗലോസപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവ് പറയുന്നതെന്ന് കരുതാം.

യോഹ.20:22-ൽ ഇങ്ങനെ പറഞ്ഞശേഷം, "അവൻ അവരുടെമേൽ ഊതി, പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ" എന്ന് പറഞ്ഞു. തീർച്ചയായും ഉയിർത്തെഴുന്നേറ്റ കർത്താവ് അപ്പൊസ്തലന്മാർക്ക് ഈ ഊതലിലൂടെ തന്നെ സാക്ഷ്യപ്പെടുത്തുവാനും വിശ്വസിച്ചേറ്റു പറഞ്ഞ് ധീരോദാത്തമായി തനിക്കുവേണ്ടി നിലകൊള്ളുവാനുമുള്ള പരിശുദ്ധാത്മാവിന്റെ വൻകൃപതന്നെയാണ് അയച്ചത്. താൻ മരിച്ചതോടെ വേദന



എന്റെ പേര് സുരേഷ്. 6 വർഷം മുമ്പുണ്ടായ ഒരു വീഴ്ചയെതുടർന്ന് എനിക്ക് സ്ഥിരമായി കാലിന് വേദന വരുമായിരുന്നു. പല ഡോക്ടർമാരെയും കാണിച്ചു. എങ്കിലും കുറവുണ്ടായില്ല. കുറച്ചുദൂരം നടക്കുവാനോ ജോലിചെയ്യാനോ വളരെ ബുദ്ധിമുട്ടായിരുന്നു.അങ്ങനെയിരിക്കെ ദേവസ്യാസാറിന്റെയടുക്കൽ പോയി എന്റെ വിഷമം പറഞ്ഞ് പ്രാർത്ഥിപ്പിച്ചു.സാറിന്റെ പ്രാർത്ഥനയാൽ യേശു എനിക്ക് പരിപൂർണ്ണ സൗഖ്യം തന്നു. യേശുവെ നന്ദി.**സുരേഷ് & ഷീല. വെട്ടിമുകൾ. കോട്ടയം.**
**Ph: 9633196594**

## Cheque And Drafts

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

## ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കേണ്ട വിലാസം:

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph:04985-213999
e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

യിലേക്കും നഷ്ടബോധത്തിലേക്കും നിരാശയിലേക്കും പോയവർക്ക് താൻ ഉയിർത്തെഴുന്നേറ്റുവെന്ന സത്യത്തിൽ നിന്നും അണുവിടപോലും അവർ പിന്മാറ്റത്തിലാകാതിരിക്കാൻ ആവശ്യമായ ആത്മീയബലം എന്ന ഊർജ്ജം നൽകുകയായിരുന്നു.

"പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരുമിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയകാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് മുഴക്കം ഉണ്ടായി അവർ ഇരുന്നിരുന്ന വീടു മുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെയുംമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" (അപ്പൊ.2:1-4).

യോഹന്നാൻ 20:22-ലെ ഊതിയുള്ള പരിശുദ്ധാത്മാവിനെ നൽകൽ ശിഷ്യന്മാർക്ക് മാത്രമുള്ള ഒരു സംഭവമായിരുന്നുവെങ്കിൽ, ഇവിടെ, അത് 120-ഓളം പേർക്കുള്ള ആദിമസഭയിലെ ആകമാന സഭാവിശ്വാസികൾക്കൊന്നിച്ചുള്ള പരിശുദ്ധാത്മസ്നാനം നൽകലായിരുന്നു. പെന്തക്കോസ്ത് നാളിലെ ഈ 'പരിശുദ്ധാത്മപകർച്ച' സഭയുടെ ഭാവിയിലെ നടപടിക്രമത്തിന്റെയും യോവേ.2:28,29-ൽ പ്രവചിച്ച് വെച്ചതിന്റെയും പ്രത്യക്ഷ അടയാളങ്ങളായിരുന്നു. "ഞാൻ സകലജഡത്തിന്റെയും മേൽ എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെമേലും ദാസിമാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും" (യോവേ.2:28,29). യോവേൽ പ്രവാചകന്റെ ഈ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടായിരുന്നുവല്ലോ പത്രോസ് അപ്പൊസ്തലന്റെ കന്നിപ്രസംഗവും.



# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

"അപ്പോൾ പത്രോസ് പതിനൊന്നുപേരോടുകൂടെ നിന്നുകൊണ്ട് ഉറക്കെ അവരോടു പറഞ്ഞത്: യഹൂദാപുരുഷന്മാരും യെരുശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരെ, ഇത് നിങ്ങൾ അറിഞ്ഞിരിക്കട്ടെ. എന്റെ വാക്കു ശ്രദ്ധിച്ചുകൊൾവിൻ. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. പകൽ മൂന്നാം മണിനേരമെ ആയിട്ടുള്ളുവല്ലോ. ഇത് യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ. അതെന്തെന്നാൽ അന്ത്യകാലത്ത് ഞാൻ സകലജഡത്തിന്റെയും മേൽ എന്റെ ആത്മാവിനെ പകരും : നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെമേലും ദാസിമാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. അവരും പ്രവചിക്കും" (അപ്പൊ.2:17-19).

യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്ന് യോവേ.2:32-ൽ പ്രവചനമുണ്ടല്ലോ. പെന്തക്കോസ്ത് ദിവസത്തിലെ, നാം കണ്ട, അപ്പൊസ്തലപ്രവർത്തനങ്ങൾ 2-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തുള്ള 'തീയിറക്കം' യോവേലിന്റെ പ്രവചനത്തിന്റെ നിവർത്തിയുടെ ആരംഭം തന്നെയാണ്. അന്ത്യകാലം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഈ കൃപായുഗത്തെയാണെന്നാണ് അനേകർ ധരിക്കുന്നത്. അത് ഏറെക്കുറേ ശരിയുമാണ്. എന്നാൽ നിത്യതയ്ക്ക് മുമ്പുള്ള സഹസ്രാബ്ദയുഗവും 'അന്ത്യകാല'ത്തിൽ പെടാതിരിക്കില്ല. അതു കൂടാതെ അവരവർക്ക് അവരവരുടെ അന്ത്യവും അന്ത്യകാലം തന്നെയാണ്ല്ലോ.

ക്രിസ്തുവിനെ കർത്താവായി ഹൃദയത്തിലും അധരത്തിലും ജീവിതത്തിലും യഥാർത്ഥമായി സ്വീകരിക്കുന്ന ഏവർക്കും അവകാശപ്പെട്ടതാണ് (റോമ.10:9) ഈ പരിശുദ്ധാത്മപകർച്ച. വീണ്ടും ജനിച്ചവർക്കുള്ളതാണ്, ഈ പരിശുദ്ധാത്മ സ്പർശനം. പരിശുദ്ധാത്മാവിൽ നിറയുക എന്നത് ഒരു യഥാർത്ഥ വിശ്വാസിക്കുള്ള ദൈവീക വാഗ്ദത്തമാണ്. പുതുജനനത്തിലൂടെ യഥാർത്ഥവിശ്വാസിക്ക് ദൈവത്തിൽ നിന്നുള്ള നിത്യജീവൻ പകർന്ന് ലഭിക്കും. "അവയാൽ അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" എന്ന് 2 പത്രൊ.1:4-ൽ പറഞ്ഞിരിക്കുന്നു. യോഹ.3:15,16 കുറിയ്ക്കാം. "അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീ



എന്റെ പേര് കുഞ്ഞുമോൻ. ഭാര്യയുടെ പേര് ഓമന. ഞങ്ങൾ കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളിക്കടുത്ത് കൂവപ്പള്ളിയിൽ താമസിക്കുന്നു. കർത്താവായ യേശുവിനെ അറിഞ്ഞതിനുശേഷം ഞങ്ങൾക്ക് നിരവധിയായ അനുഗ്രഹങ്ങളാണ് ലഭിച്ചിരിക്കുന്നത്. എനിക്ക് 6 വർഷത്തോളമായി ശ്വാസംമുട്ടലും ചങ്കിനുവേദനയും ആയിരുന്നു. ചികിത്സകളൊക്കെ ചെയ്തെങ്കിലും കാര്യമായ ഫലമൊന്നുമുണ്ടായില്ല. ജോലികളൊന്നും ചെയ്യാനും പാടില്ലായിരുന്നു. എന്നാൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാൻ എനിക്ക് കർത്താവ് ഒരു അവസരം ഒരുക്കിത്തന്നു. അങ്ങനെ സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. എനിക്കിപ്പോൾ നല്ല വ്യത്യാസമായി. ജോലികളൊക്കെ ചെയ്യുവാനും സാധിക്കുന്നു. മാത്രമല്ല എന്റെ ഭാര്യ ഓമനക്കും ഒരു വീഴ്ചയെ തുടർന്ന് നട്ടെല്ലിന് പൊട്ടലും മുട്ടിനുവേദനയുമൊക്കെ ആയിരുന്നു. ജോലിയൊക്കെ ചെയ്യാൻ വളരെ ബുദ്ധിമുട്ടായിരുന്നു. അതും സാറിന്റെ പ്രാർത്ഥനയാൽ കർത്താവ് സുഖപ്പെടുത്തി. ഇപ്പോൾ ഞങ്ങൾ രണ്ടുപേർക്കും ജോലികളൊക്കെ ചെയ്യാൻ സാധിക്കുന്നു.

**കുഞ്ഞുമോൻ & ഓമന. കൂവപ്പള്ളി. Ph: 9496564685**

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

വൻ പ്രാപിക്കുവാൻ ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു".

തന്റെ ദിവ്യസ്വഭാവത്തിനൊക്കുന്നതും നിത്യജീവൻ പ്രാപിക്കുന്നതും ഏകദേശം ഒരേ കാര്യമാണല്ലോ. 1 യോഹ.5:11-ൽ ഇപ്രകാരം പറയുന്നു. "ദൈവത്തെ വിശ്വാസിക്കാത്തവൻ ദൈവം തന്റെ പുത്രനേക്കുറിച്ച് പഞ്ഞ സാക്ഷ്യം വിശ്വാസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു. ആ സാക്ഷ്യമോ ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളത് തന്നെ. പുത്രനുള്ളവന് ജീവനുണ്ട്; ദൈവപുത്രനില്ലാത്തവന് ജീവനില്ല".

വിശ്വാസിക്ക് ദൈവീകജീവൻ പകർന്നു ലഭിക്കുമ്പോൾ- പുത്രനുള്ളവനാണ് അത് പകർന്നു ലഭിക്കുക-സാത്താന്റെയും പാപത്തിന്റെയും മതാചാരാനുഷ്ഠാനങ്ങളുടേയും ജഡമോഹങ്ങളുടേയും പഴയജീവൻ തകർന്നടിഞ്ഞിട്ട് പുതുജീവൻ ലഭിക്കുന്നു; അഥവാ വീണ്ടുംജനനം പ്രാപിക്കുന്നു. 2 കൊറി.5:17-ൽ "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി, ഇതാ അത് പുതുതായിത്തീർന്നിരിക്കുന്നു" എന്നും കാണാം.

ക്രിസ്തുവിലായവനാണ് പുതുതായി ജനിച്ചവൻ അഥവാ വീണ്ടുംജനിച്ചവൻ. യോഹന്നാന്റെ സുവിശേശം 1-ാം അദ്ധ്യായത്തിലെ 12-ാം വാക്യം വീണ്ടും ഒന്ന് വിശകലനം ചെയ്യാം. **"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു"**. ദൈവത്തെ കൈക്കൊള്ളാതെ ദൈവത്തിന്റെ മക്കളാകുവാൻ പറ്റുകയില്ലല്ലോ. കൈകൊള്ളുക എന്നാൽ സമ്പൂർണ്ണ വിശ്വാസത്തോടെ സ്വീകരിക്കുക എന്നാണർത്ഥം. അതും ദൈവം, മനുഷ്യനായി കടന്നുവന്ന യേശുക്രിസ്തു തന്നെയാണെന്ന ഉറപ്പുള്ള വിശ്വാസം. ഒരു നിമിഷത്തേക്കുള്ള വിശ്വാസമല്ല, തുടർമാനമായ സത്യവിശ്വാസം. ഈ ലോകരെ മുഴുവനും ദൈവമക്കൾ എന്ന് വിശ്വസിക്കുവാൻ കഴിയുകയില്ല. ജനകോടികളിൽ ചിലർ ക്രിസ്തുവിനെ ദൈവമായും പുരോഹിതശ്രേഷ്ഠനായും, ഏകമദ്ധ്യസ്ഥനായും ദൃഢമായും വിശ്വസിക്കുന്നു. അവർ മാത്രമാണ് ദൈവമക്കൾ. അങ്ങനെ വിശ്വസിക്കുവാൻ ഇടയാകുന്നത് കൃപയാലാണ്. അവരെ സംബന്ധിച്ചിടത്തോളം നാടുനീളെയുള്ള ക്രൈസ്തവപള്ളികളിലെ പുരോഹിതന്മാരോടുള്ള മനോഭാവം എന്തായിരിക്കും ? അവരും മനുഷ്യരാകയാൽ മാനുഷികമായ സ്നേഹവും ബഹുമാനവും ഉണ്ടായിരിക്കും. എന്നാൽ യഥാർത്ഥമാനസാന്തരത്തിലേക്കും വീണ്ടുംജനനത്തിലേക്കും, രക്ഷണ്യവിശ്വാസത്തിലേക്കും ദൈവജനത്തെ നയിക്കാതെ, ബൈബിൾ നിരക്ഷരതയിൽ അനേകരെ തളർത്തിയിട്ടിരിക്കുകയും,



മാന്യ വായനക്കാരെ,

2016-ലേക്ക് കുറെ അധികം സംഭവങ്ങളെ അവശേഷിപ്പിച്ചുകൊണ്ട് 2015 വർഷം നമ്മോടു വിടപറയുകയാണല്ലോ. കാലങ്ങൾക്കതീതനായ കർത്താവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ച് പുതുവർഷത്തെ നമുക്ക് സഹർഷം സ്വാഗതം ചെയ്യാം.

വായിച്ചും പ്രചരിപ്പിച്ചും വരിക്കാരായും വിമർശനങ്ങളയച്ചും ആത്മാഭിഷേകം മാസികയെ വളർച്ചയുടെ പാതയിലേക്ക് നയിച്ച എല്ലാവർക്കും അകൈതവമായ നന്ദി അറിയിക്കുന്നു. തുടർന്നും നിങ്ങളുടെ ഏവരുടേയും പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ,

സസ്നേഹം,
ചീഫ് എഡിറ്റർ,
ആത്മാഭിഷേകം മാസിക.

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

സ്വയം ബൈബിൾ നിരക്ഷരത മൂലം തെറ്റായ പാരമ്പര്യങ്ങളെ അള്ളിപ്പിടിച്ചിരിക്കുകയും ചെയ്യുന്നവർ എന്ന നിലയിൽ, വമ്പിച്ചകൈക്കൂലി വാങ്ങിച്ചും, ശത്രുരാജ്യത്തിന് ചാരപ്രവൃത്തി ചെയ്തും രാജ്യദ്രോഹം വരുത്തുന്നവർക്കുമുള്ള സ്ഥാനമേ ഇവർക്കും ലഭിക്കുകയുള്ളൂ. കാരണം ഇവർ ചെയ്യുന്ന ബൈബിൾ വചനരഹിതകൂദാശകളിലും മദ്ധ്യസ്ഥ-മരണാനന്തര കർമ്മങ്ങളിലും ജനം വിശ്വസിച്ച് കിടക്കുകയാണ്. ഇവരുടെ ധാടിയും മോടിയും, സെമിനാരി വിദ്യാഭ്യാസമെന്ന വിദ്യാഭ്യാസസ്വീകരണവും സാംസ്ക്കാരിക-സാമ്പത്തികമണ്ഡലത്തിലുമുള്ള കെട്ടുപാടുംകൊണ്ട് ജനം അന്ധമായി അവരെ വിശ്വസിക്കുകയും അനുകരിക്കുകയും ചെയ്തുപോരുന്നു. (ബൈബിൾ അനുസരിച്ചുള്ള പൗരോഹിത്യവും മരണാനന്തരകർമ്മങ്ങളുടെ പ്രസക്തിയും നിലനിൽപ്പില്ലാത്ത ബഹുകൂദാശകളുമൊക്കെ വേറെ ചാപ്റ്ററുകളിൽ ചർച്ചക്കെടുക്കേണ്ടിവരുന്നുണ്ട്).

1 യോഹന്നാൻ 3-ാം അദ്ധ്യായം 9-ഉം 10-ഉം വചനങ്ങൾ പഠിക്കാം. "ദൈവത്തിൽനിന്ന് ജനിച്ചവരാരും പാപം ചെയ്യുന്നില്ല. അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവന് പാപം ചെയ്യുവാൻ കഴിയുകയില്ല. ദൈവത്തിന്റെ മക്കളാരെന്നും പിശാചിന്റെ മക്കളാരെന്നും ഇതിനാൽ അറിയുന്നു. നീതി പ്രവർത്തിക്കാത്തവനും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല".

ദൈവത്തിൽനിന്ന് ജനിച്ചവൻ പാപം ചെയ്യുന്നില്ലെന്ന പ്രയോഗത്തിന്റെയർത്ഥം 1. അവൻ പാപത്തിൽ തുടരുന്നില്ല. 2. വീണ്ടും ജനിച്ചവനായതുകൊണ്ടും ആ ജനനം ദൈവത്തിൽനിന്നായതുകൊണ്ടും പ്രലോഭനങ്ങൾ അതിശക്തമാകുമ്പോൾ, സ്വന്തം ശരീരത്തിന്റെ ബലഹീനതയും പിശാചിന്റെ ശത്രുതയോടുകൂടിയ പ്രവർത്തനങ്ങളുംകൊണ്ട് ഈ ദൈവമക്കൾ ഞെരുങ്ങിപ്പോയേക്കാം. പക്ഷെ വേഗം മാനസാന്തരത്തിലേക്ക് വന്ന് സാത്താനേയും മോഹങ്ങളെയും തോല്പിക്കുക തന്നെ ചെയ്യും. 3. വീണ്ടുംജനനാനന്തരം സ്വതസിദ്ധമായ പാപചിന്തകൾ മാറി നിൽക്കയും ദൈവസാന്നിധ്യം പുറമെയും ദൈവകൃപ അകമെയും വസിക്കുന്നത് തിരിച്ചറിയുന്നതിനാൽ ദൈവീകജീവൻ അവനെ സംരക്ഷിക്കുന്നു. 4. ഒരുവനിൽ ദൈവീകജീവൻ വസിക്കുമ്പോൾ, ആ അനുഭവം പ്രാർത്ഥനയാൽ നിലനിർത്താൻ കഴിയുമ്പോൾ പാപം ചെയ്യാൻ പിശാച് ഒരുക്കുന്ന പഴുതുകളെ അതിജീവിക്കാൻ കഴിയും. 5. ഒരു വശത്ത് ശക്തമായ വിശ്വാസം, മറുവശത്ത് പരിശുദ്ധാത്മാവിന്റെ ഉൾവാസവും പ്രേരണയും. ഇവ തന്നെ മതി, പാപം ചെയ്യാതിരിക്കാനുള്ള കൃപ വരാൻ. നിരന്തരമായ വചനമനനപഠനവും തുടർമാനമായ പ്രാർത്ഥനയും ഒപ്പമുള്ളപ്പോൾ പാപരാജ്യവും സാത്താന്റെ രാജ്യവും ലോകമഹാരാജ്യവും വഴിമാറുകതന്നെ ചെയ്യും.

ഒരു ദൈവപൈതലിന് വിശ്വാസത്തിന്റെയും ആത്മാവിന്റെയും 'പവ്വർ'






ഉണ്ട്. വചനവും നന്നായി അറിയാമെന്ന് ഒരു ധാരണയുമുണ്ട്; നന്നായി പാടിപ്പാടി ആരാധിക്കുകയും ചെയ്യും. അന്യഭാഷയും ദർശനങ്ങളും സാക്ഷ്യജീവിതവും രോഗശാന്തിവരങ്ങളുമൊക്കെയുണ്ട്. 'അച്ചാ' 'അച്ചാ' എന്ന വിളിയും ചുറ്റും നിൽക്കുന്നവരിൽനിന്ന് പ്രവാചിക എന്നോ പ്രവാചകൻ എന്നോ പേരുമുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഒരു ദൈവപൈതലിന് ചില പാപങ്ങൾ ചെയ്യേണ്ടിവരുന്നത് അത്ര വലിയ കാര്യമല്ല എന്ന "വേദശാസ്ത്രം" ലോകത്തിൽ അനേകം വ്യക്തികളോ സഭകളോ ഉപദേശവിഷയമായി സ്വീകരിച്ചുവരുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ആത്മീയ അന്ധത തന്നെയാണ്. യോഹന്നാൻ അപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവ് ഇപ്രകാരം പറയുന്നു. "പാപം ചെയ്യുന്നവനെല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ. പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപം ഇല്ല. അവനിൽ വസിക്കുന്നവനാരും പാപം ചെയ്യുന്നില്ല. (അവനിൽ വിശ്വസിക്കുന്നവൻ അല്ല, വസിക്കുന്നവൻ). പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല. അറിഞ്ഞിട്ടുമില്ല. കുഞ്ഞുങ്ങളെ, ആരും നിങ്ങളെ തെറ്റിക്കരുത്; അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാനാകുന്നു. പിശാച് ആദ്യമുതൽ പാപം ചെയ്യുന്നവല്ലോ" (1 യോഹ.3:4-8).

രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നതോടെ പിശാചിന്റെ വലിയ 'നോട്ടപ്പുള്ളി'യായി വിശ്വാസി മാറുകയാണ്. വിശുദ്ധിയും വേർപാടും കൃപയാൽ ലഭിക്കുന്നതാണെങ്കിലും യോഗ്യതയാലാണ് അവ ലഭിച്ചിരിക്കുന്നത് എന്ന 'അഹവും' ഉണ്ടാകാനിടയാകുന്നു. ചില വരദാനങ്ങൾ ഉണ്ടെങ്കിൽ അതും ദൈവകൃപയാൽ സഭ വളർത്താൻ ലഭിച്ചതാണെന്നറിയാമെങ്കിലും താനതിനുവേണ്ടി കുറെ അദ്ധ്വാനിച്ചിട്ടുണ്ടെന്ന ധാരണയും ഉണ്ടാവുക സ്വാഭാവികമാണ്. ഈ മൂന്ന് കാരണങ്ങളാൽ ശുശ്രൂഷകരിലും വിശ്വാസികളിലും ജനിച്ചുവളരാൻ തുടങ്ങുന്ന ആ ആത്മീയാഹങ്കാരം മറ്റുള്ളവരുടെ 'പൊക്കിപ്പറച്ചിലുകൾ' കൂടി കേൾക്കുമ്പോൾ ചിറകുവിരിച്ച് പറക്കുവാൻ ഇടയാവുകയായി. ഇതോടെ നഷ്ടപ്പെടുകയായി ശിഷ്യത്വം. ശിഷ്യത്വം നഷ്ടപ്പെട്ടാൽ വിശ്വാസി കാരം നഷ്ടപ്പട്ട ഉപ്പുപോലെ വലിച്ചെറിയപ്പെടാൻ മാത്രമെ ഉപയോഗിക്കൂ. "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പ് കാരമില്ലാതെ പോയാൽ അതിന് എന്തോന്നുകൊണ്ട് രസം വരുത്താം ? പുറത്ത് കളഞ്ഞിട്ട് മനുഷ്യർ ചവിട്ടുവാനല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല" (മത്താ.5:13).

**ശിഷ്യത്വം**:- മാനസാന്തരത്തിന്റെയും വീണ്ടുംജനനത്തിന്റെയും ശേഷവും വിശ്വാസികളിൽ നിലനിൽക്കുന്ന ജഡം അപകടകാരിയായ ഒരു ശത്രു തന്നെയാണ്. ഈ സത്യം നാം അംഗീകരിച്ചേ പറ്റൂ. ഈ ജഡം അസ്വസ്ഥമാകാതെയിരിക്കണമെങ്കിൽ നിരന്തരമായ ശിഷ്യത്വം അത്യാവശ്യമാണ്, ജീർണ്ണിച്ച കുറേ



എന്റെ പേര് സരസ്വതി. ഞാൻ കോട്ടയം ജില്ലയിൽ എരുമേലിക്കടുത്ത് കനകപ്പലം എന്ന സ്ഥലത്ത് താമസിക്കുന്നു. ഞാൻ കർത്താവിൽ ആശ്രയിച്ചപ്പോൾ അവിടുന്ന് എന്റെ ആവശ്യങ്ങളിൽ സഹായിച്ച വലിയൊരനുഭവമാണ് നിങ്ങളോട് ഞാൻ പങ്കുവയ്ക്കുവാനാഗ്രഹിക്കുന്നത്. എനിക്ക് ഒരു വീടില്ലാതെ വിഷമിച്ചിരിക്കുന്ന ഒരവസ്ഥയിലാണ് ഞാൻ പൊൻകുന്നം ആത്മാഭിഷേകം കൺവെൻഷനിൽ പങ്കെടുത്തത്. വ്യക്തിപരമായ പ്രാർത്ഥനക്കുശേഷം സാർ എന്നോടു പറഞ്ഞു. നിങ്ങൾ ഉടൻതന്നെ പഞ്ചായത്തിൽ അപേക്ഷ കൊടുക്കുക, 158 ദിവസങ്ങൽക്കുള്ളിൽ വീടിനുള്ള എല്ലാ സാധ്യതകളും ലഭിക്കും എന്ന്. ഞങ്ങൾ സാർ പറഞ്ഞതുപോലെ തന്നെ പഞ്ചായത്തിൽ അപേക്ഷ കൊടുത്തു. സാർ പറഞ്ഞ ദിവസങ്ങൾക്കുള്ളിൽത്തന്നെ പഞ്ചായത്തിൽ നിന്നും വീടിനുവേണ്ടിയുള്ള അനുമതിയും കിട്ടി. ഇപ്പോൾ വീടുപണി നടന്നുകൊണ്ടിരിക്കുന്നു. അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഈ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ഇപ്പോൾ എരുമേലിയിലുള്ള ആത്മാഭിഷേകം സഭയിലെ അംഗങ്ങളാണ്.

**സരസ്വതി. കനകപ്പലം. Ph: 7558011982**



എന്റെ പേര് സജി. ഭാര്യയുടെ പേര് ആൻസി. ആദ്യത്തെ കുഞ്ഞ് ജനിച്ചതിനുശേഷം ഞങ്ങൾക്ക് കുഞ്ഞുങ്ങളുണ്ടാകാതെയിരിക്കുകയായിരുന്നു. അങ്ങനെ 2009-ൽ ദേവസ്യാ മുല്ലക്കര സാർ കൊല്ലത്ത് വന്നപ്പോൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആ മാസം തന്നെ കുഞ്ഞിനെ ലഭിക്കുമെന്നും പറഞ്ഞു. അതുപോലെ തന്നെ ആ മാസം ഭാര്യ ഗർഭിണിയാകുകയും ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ ലഭിക്കുകയും ചെയ്തു. ഇപ്പോൾ കുഞ്ഞിന് 6 വയസ്സുണ്ട്. കുഞ്ഞിന്റെ പേര് മാനുവൽ. താമസിച്ചതിൽ ക്ഷമാപണം.

**സജി.മുഖത്തല. Ph:9349442634**

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1. രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

യേറെ അഭിലാഷങ്ങൾ മനുഷ്യന്റെ ഉള്ളിൽ നിന്ന് തലപൊക്കുമ്പോൾ, ശിഷ്യത്വം വളർന്നാണ് നിൽക്കുന്നതെങ്കിൽ ആ രാഗമോഹങ്ങളെ അപ്പോൾത്തന്നെ ക്രൂശിൽ തറയ്ക്കുവാൻ ഇടയാകും.

"ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അത് ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല. നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവം ഉള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവ് ഇല്ലാത്തവൻ അവനുള്ളവനല്ല. ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെകൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും. ആകയാൽ സഹോദരന്മാരെ നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിന്നു ജഡത്തിന്നല്ല കടക്കാരാകുന്നതു. നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം " (റോമ.8:6-13).

വീഴ്ച സംഭവിച്ച മനുഷ്യനായ ആദാമിന്റെ ജഡപ്രകൃതികൊണ്ടാണല്ലോ അവൻ വീണുപോയത്. ആദാം ദൈവത്തെ വേണം അനുസരിക്കുവാൻ എന്നത് സൗകര്യപൂർവ്വം വിസ്മരിച്ചു. വീണ്ടും ജനിക്കാത്ത മനുഷ്യനിൽ ഈ ആദാമ്യപ്രകൃതി സജീവമാണ്. ഈ ആദാമ്യപ്രകൃതി കീഴ്പ്പെടുവാൻ താല്പര്യപ്പെടുന്നില്ല. "ജഡസ്വഭാവമുള്ളവർ" എന്ന് പൗലോസപ്പൊസ്തലൻ പറയുമ്പോൾ ഭൗതീകശരീരത്തെ മാത്രമല്ല ഉദ്ദേശിക്കുന്നത് ദൈവത്തെക്കൂടാതെയുള്ള മനുഷ്യപ്രയത്നങ്ങളെയും ഉദ്ദേശിക്കുന്നു. ആ സ്വഭാവം മത്സരത്തിലേക്കും അവിശ്വാസത്തിലേക്കും ആരെയും കൊണ്ടെത്തി


ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

**ചർച്ച് ഓഫ് ഇറ്റേണിറ്റി**
**A/c No: 1034 0100 205 721**
**ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്, എറണാകുളം, IFSC Code : FDRL 000 1034**

**To Help us (only india)**
**Church of Eternity**
**A/c No: 1034 0100 205 721**
**Federal bank, Trikkakkara Branch, Ernakulam, IFSC Code : FDRL 000 1034**

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
# 1.രക്ഷാശാസ്ത്രം SOTERIOLOGY
## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

ക്കും.

ജഡം :- യോഹ.1:14-ൽ "വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു". എന്നു പറയുന്നിടത്ത് ജഡമെന്ന പ്രയോഗം ഒരു വിശുദ്ധമനുഷ്യ (ശിശുവിന്റെ) ശരീരമെന്ന അർത്ഥത്തിലാണ്. റോമ.2:28,29-ൽ "പുറമെ യഹൂദനായവൻ യഹൂദനല്ല, പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല. അകമെ യഹൂദനായവനത്രെ യഹൂദൻ. അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രെ പരിച്ഛേദന, അവന് മനുഷ്യരാലല്ല, ദൈവത്താൽത്തന്നെ പുകഴ്ച ലഭിക്കും". ഇവിടെ നാം കാണുന്ന ജഡം ഒരു വിശുദ്ധന്റെ ശരീരമെന്നതിനേക്കാൾ കുറച്ചു കൂടി കുഴപ്പം പിടിച്ചതാണ്.

"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാണ് "എന്നെഴുതിയ ശേഷം പൗലോസപ്പൊസ്തലൻ പറയുന്നു "എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏത് തിരഞ്ഞെടുക്കേണ്ടൂ എന്ന് ഞാനറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടി ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ, എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം" (ഫിലി.1:22,23). ഇവിടെ നാം കണ്ടുമുട്ടുന്ന ജഡപ്രയോഗം ജീവൻ നിലനിൽക്കാൻ സഹായിക്കുന്ന ശരീരപ്രകൃതിയെയാണ്, ജീവൻ നിലനിൽക്കാൻ സഹായിക്കുന്ന ജഡം ഉപകാരി തന്നെയാണ്.

ഇനി കൊളോസ്യ ലേഖനത്തിലെ 'ജഡ'പ്രയോഗമൊന്ന് ശ്രദ്ധിക്കാം. "നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു" (1:22). "ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു" (1:24). ഈ വചനങ്ങളിലെ ക്രിസ്തുവിന്റെയും പൗലോസിന്റെയും ജഡം ഒരിക്കലും ജഡമയമായ ചിന്തകൾ ഉള്ളതല്ല. 1 തിമോ.3:16 വളരെ ശ്രദ്ധേയമായ 'ജഡ'പ്രയോഗത്തോടുകൂടിയതാണ്.

"അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെയിടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു". ഈ വചനം ദൈവഭക്തിയുടെ മർമ്മം തന്നെയാണെന്ന് ഒടുവിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ആത്മാവിൽ നീതീകരിക്കപ്പെടുവാൻ വേണ്ടി ജഡത്തിൽ അതുവരെ വെളിപ്പെടാതിരുന്ന ക്രിസ്തു മറിയത്തിലേക്കും മറിയത്തിൽ നിന്നും ലോകത്തിലേക്കും ജഡത്തിൽ വെളിപ്പെട്ടെങ്കിൽ ആ 'ജഡം' എത്ര ദൈവീകവും വിശുദ്ധവും സുന്ദരവും ആയിരിക്കും.

"ജഡത്താൽ ജനിച്ചത് ജഡമാകുന്നു" എന്ന് യോഹന്നാൻ 3:6-ൽ പറയുമ്പോൾ മനുഷ്യന്റെ സഹകരണത്തോടെയാണ് മനുഷ്യൻ ജനിക്കുന്നതെന്ന അർത്ഥമാണുള്ളത്. ഗലാ.4:1-ൽ "എന്നാൽ നമ്മുടെ പൂർവ്വപിതാവായ അബ്രാഹം ജഡപ്രകാരം എന്ത് പ്രാപിച്ചു എന്നു പറയേണ്ടു" എന്ന് വായിക്കുമ്പോൾ അവിടെ ത്തന്നെ 3-ാം വാക്യം എഴുതുവാൻവേണ്ടി 1-ഉം, 2-ഉം വാക്യം എഴുതിയതാണെന്ന് സ്പഷ്ടമാണ്.

"അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു". അതി വാർദ്ധക്യത്തിലെ അബ്രഹാമിന്റെ ഹൃദയത്തിലെ വിശ്വാസം യൗവ്വനത്തിലേതിനേക്കാൾ വളർച്ച പ്രാപിച്ചതായിരുന്നു. എന്നാൽ ജഡത്തിന്റെ ആരോഗ്യം നമ്മുടെ സ്വഭാവിക ചിന്തയാൽ ബലഹീനവും ആയിരുന്നു. പക്ഷെ ദൈവം പ്രഖ്യാപിച്ചതാണ് അബ്രഹാമിനെ അനുഗ്രഹിക്കുമെന്ന്. ദൈവം അബ്രഹാമിന്റെ വിശ്വാസത്തെ നീതിയായി കണക്കിടുകയും ശരീരത്തിന്റെ ബലഹീനതയെ ബലമാക്കി മാറ്റിക്കൊടുക്കുകയും ചെയ്തു. 1-ാം വാക്യത്തിൽ ജഡപ്രകാരം എന്ത് പ്രാപിച്ചു എന്ന ചോദ്യത്തിന്റെ അർത്ഥം പൂർണ്ണമാകുന്നത് വിശ്വാസത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തപ്പെടാൻവേണ്ടിയായിരുന്നു. ഈ ലോകജീവിതത്തിന്റെ ക്ഷണികതയാണ് അവിടെ പ്രത്യക്ഷപ്പെടുന്നത്.

യോഹ.8:14,15,16-ൽ "നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടിയാകയാൽ എന്റെ വിധി സത്യമാകുന്നു" എന്നിടത്തെ ജഡപ്രകാരം എന്നതിന്റെ അർത്ഥം 'മാനുഷികമായി' എന്നു മാത്രമാണ്. മറ്റ് ചില വച

# സത്യ ദൈവശാസ്ത്രം TRUE THEOLOGY

## 1.രക്ഷാശാസ്ത്രം SOTERIOLOGY

### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

നങ്ങൾ ശ്രദ്ധിക്കാം. റോമ.6:19-ൽ 1. “നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ പറയുന്നു:” 2. റോമ.7:18-ൽ “എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു”. 3. “ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല. കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയൽ ശക്തിയുള്ളവതന്നെ” (2 കൊറി.10:4).

ഈ വാകൃങ്ങളിലെ ‘ജഡം’ എന്ന പ്രയോഗത്തിന്, ദൈവശക്തി വേണ്ടത്രയില്ലാത്തതും ബലഹീനവുമായ ശരീരം എന്ന അർത്ഥമാണുള്ളത്. പക്ഷെ കുറെയേറെ പാപത്തിന് അടിപ്പെട്ടതുകൊണ്ടുണ്ടായ ബലഹീനതയുള്ളതെന്ന അർത്ഥം ഒട്ടില്ല താനും. വീണ്ടും ജനനത്തിൽ ‘ജഡ’ജീവിതവും ജഡപ്രകാരമുള്ള ജനനവും ഒരിക്കലും ഒഴിവാകാതെയിരിക്കുന്നെങ്കിലും ആ ജഡ ജീവിതം വിശുദ്ധീകരിക്കപ്പെടേണ്ടതുണ്ടെന്ന് തെളിയിക്കുന്നതിനുവേണ്ടിയായിരുന്നു ജഡം എന്ന തലക്കെട്ടിൽ ഏതാനും തിരുവചനങ്ങളെ നാം പരിശോധിച്ചത്. ആ ലക്ഷ്യം സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു. സഞ്ചാരം ജഡത്തിൽത്തന്നെ. പോരാട്ടമോ? ജഡപ്രകാരമല്ല. എന്നു പറഞ്ഞാലോ? ആത്മപ്രകാരമാണെന്നാണ്. പിശാചും ഈ ലോകവും ഉയർത്തുന്ന കോട്ടകൊത്തളങ്ങൾ ആകുന്ന വെല്ലുവിളികളെ തകർക്കുവാൻ ജഡികങ്ങളായ ആയുധങ്ങൾക്ക് കഴിയുകയില്ല. പരിശുദ്ധാത്മാവ് നൽകുന്ന ആയുധങ്ങൾക്കേ കഴിയൂ. ജഡത്തിലെങ്കിലും വീണ്ടും ജനിക്കുന്നവർക്കാണ് ആത്മാവിന്റെ ആയുധങ്ങൾ ധരിക്കുവാൻ കഴിയുക.

**വീണ്ടും ജനിച്ചവർ സാത്താനെ തകർക്കും**

വ്യക്തികളിൽ വസിക്കുന്ന സാത്താന്മാരെ ആണെങ്കിലും ഒരു രാജ്യം കയ്യടക്കിയിരിക്കുന്ന സാത്താന്മാരെയാണെങ്കിലും ദൈവം അണിയിക്കുന്ന ആയുധങ്ങൾകൊണ്ട് പരാജയപ്പെടുത്താൻ പറ്റും. ഒരു പുതു സൃഷ്ടിയെയാണ് ദൈവം ആ ആയുധങ്ങളെ അണിയിക്കുന്നത്. ചില ശുശ്രൂഷകർ പ്രാർത്ഥിക്കുമ്പോൾതന്നെ, വൻരോഗികൾ, സുഖപ്പെടുകയോ ഭൂതബാധിതരിൽ നിന്നും ഭൂതങ്ങൾ വിട്ടുപോയി അവർ ക്രിസ്തുവിൻ സ്വതന്ത്രരാവുകയോ ചെയ്യുന്നു, അല്ലേ ? മറ്റുചിലരാകട്ടെ അനേകമനേക ദിവസങ്ങളിലെ ശക്തമായ ഉപവാസത്തിന്റെ വൻ ബലത്തോടെ പ്രാർത്ഥനയിൽ കല്പിതവചനങ്ങൾ ഉപയോഗിച്ചാലും, രോഗികൾ രോഗികളായും ഭൂതബാധിതർ ഭൂതബാധിതരായും തുടരുകയും ചെയ്യുന്നു. എന്തുകൊണ്ടാണത് ? ആദ്യത്ത കൂട്ടർ മാനസാന്തരപ്പെട്ട്, വീണ്ടും ജനിച്ച്, വിശ്വാസത്തിൽ കൃപയാൽ ദൈവത്താൽ വളർത്തപ്പെടുന്നവരാണ്. രണ്ടാമത്തെ കൂട്ടർ വീണ്ടുംജനനം പ്രാപിക്കുന്നിടത്തോളം എത്തിയിട്ടില്ലെന്നതാണ് സത്യം. എഫേസ്യലേഖനത്തിൽ “ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ, പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രെ. അതുകൊണ്ട്, നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും, സകലതും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളൊക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽക്കുവിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും **“ആത്മാവിൽ പ്രാർത്ഥിച്ചും”** അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ” (എഫേ.6:10-18). പിശാചിന്റെ ആയുധങ്ങളെന്നും ദൈവത്തിന്റെ ആയുധങ്ങളെന്നും ആയുധങ്ങൾ തന്നെ രണ്ട് സെറ്റുകൾ ഉണ്ട്. വാഴ്ചകളോടും അധികാരങ്ങളോടുമാണ് (സാത്താൻ അധിവസിക്കുന്നിടം) നമുക്ക് പോരാട്ടമുള്ളത്.

എല്ലാം വിശ്വസികളുടേയും ജീവിതം ഒരാത്മീയ പോർക്കളത്തിലാണ്. അവർ വിശ്വാസത്തിലധിഷ്ഠിതമായ ഒരാത്മീയ പോരാട്ടമാണ്. ഇവിടെ വിശ്വാ

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

സികളുടെ നായകൻ ക്രിസ്തു തന്നെയാണ്. അവൻ വിശ്വാസത്തിന്റെ നായകനാകുന്നു (എബ്രാ.12:2).ക്രിസ്തു തന്നെയും സാത്താനെതിരെ വിജയകരമായി പോരാട്ടം നടത്തി ദുഷ്ടശക്തികളെ നിരായുധരാക്കിയതാണ്. "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും" എന്ന് യോഹ.12:31-ൽ പഠിപ്പിക്കുന്നു, കർത്താവായ യേശു ഈ ലോകത്തിന്റെ പ്രഭുവായ സാത്താനെ നിരായുധനാക്കി പുറത്തു കളയും. ആ ക്രിസ്തുവിൽ നാം ഉറച്ചുനിന്നാൽ മതി, നമുക്കും സാത്താനെ പുറത്താക്കുവാൻ കഴിയും ഒറ്റക്കല്ല. ക്രിസ്തുവിനേട് ചേർന്ന് നിന്നുകൊണ്ടും ക്രിസ്തുവിൽ അതിശക്തമായി വിശ്വസിച്ചുകൊണ്ടും. വിശ്വാസത്തോടെ പ്രാർത്ഥനാജീവിതം നടത്തുന്നതാണ് ആത്മാവിന്റെ ആയുധം ധരിക്കൽ.

കൊളോസ്യലേഖനം 2:12-15 -ൽ "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടയ്ക്കപ്പെടുകയും, അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും, അവൻ അവനോടുകൂടെ ജീവിപ്പിച്ചു. അതിക്രമങ്ങളൊക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി". യേശുക്രിസ്തു തന്റെ ജീവിതത്താലും മരണത്താലും ഉത്ഥാനത്താലും വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു. എന്നിട്ട് ക്രൂശിൽ അവയുടെമേൽ ജയോത്സവം കൊണ്ടാടുകയായിരുന്നു. ആ തമ്പുരാനിൽ വിശ്വാസികളും അണിചേർന്നു നിന്നാൽ അവന്റെ നാമത്തിൽ സാത്താന്മാരെ പരാജയപ്പെടുത്തി യേശുവിനോടൊപ്പം നമുക്കും ജയോത്സവം കൊണ്ടാടാം. പക്ഷെ പൂർണ്ണമായ മാനസാന്തരവും വീണ്ടുംജനനാനുഭവവും ഇല്ലാതെയുള്ള വിശ്വാസവും **'അഭിഷേകം'** പ്രാപിക്കലുംകൊണ്ട് സാത്താന്മാരെ പരാജയപ്പെടുത്താം എന്നു കരുതണ്ട.

മത്താ.12:28,29-ൽ "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു, സ്പഷ്ടം. ബലവാനെ പിടിച്ചുകെട്ടിയിട്ടല്ലാതെ, ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പ് കവർന്നുകളവാൻ എങ്ങനെ കഴിയും ? പിടിച്ചുകെട്ടിയാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം" എന്ന് നാം വായിക്കുന്നു. ബലവാൻ സാത്താനാണ്. അവൻ വസിക്കുന്ന ഭവനങ്ങളിൽ ഒന്ന് മനുഷ്യനാണ്. മാനസാ

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്
(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

ന്തരപ്പെട്ട്, വീണ്ടും ജനിച്ച്, വിശ്വാസത്തിലും വചനത്തിലും ആത്മാവിലും വളർന്ന വ്യക്തി 'കർത്താവിന്റെ' ശക്തിയിൽ ആശ്രയിച്ച് പ്രാർത്ഥിച്ച് കല്പിതവചനമയച്ചാൽ ഏതു സാത്താന്മാരും പുറത്താകും. അവൻ പുറത്തു പോകുന്നതോടെ ക്രിസ്തുവിശ്വാസം പരിശുദ്ധാത്മാവിന്റെ സഹായത്താൽ അകത്ത് പ്രവേശിക്കും. ഈ പ്രക്രിയയാണ് ദൈവരാജ്യാനുഭവം. ദൈവരാജ്യാനുഭവം ഉണ്ടാകണമെങ്കിൽ ദൈവത്തിൽ നിന്ന് ജനിച്ചേ പറ്റൂ. ദൈവത്തിൽ നിന്ന് ജനിക്കുന്നതും ദൈവാത്മാവിൽ നിന്ന് ജനിക്കുന്നതും പറച്ചിലിൽ രണ്ടാണെങ്കിലും കാര്യത്തിൽ ഒന്നുതന്നെയാണ്. വെള്ളത്താലും ആത്മാവിനാലുമാണ് വീണ്ടുംജനനം (യോഹ.3:5). വെള്ളത്താൽ എന്നതിന്റെ സ്പഷ്ടമായ അർത്ഥം ജലസ്നാനത്താൽ എന്നാണ്. നിശിതമായ അർത്ഥം ദൈവവചനത്താൽ എന്നാണ്. നാം സ്വീകരിക്കേണ്ടത് നിശിതമായ അർത്ഥമാണ്. സ്പഷ്ടമായ അർത്ഥം തള്ളിക്കളയാതെ.

എങ്കിൽ, ദൈവവചനം നമുക്ക് പഴയനിയമ പുതിയനിയമ വ്യത്യാസമില്ലാതെ സ്വീകരിക്കുവാൻ കഴിയണം. പക്ഷെ പുതിയനിയമപഠനത്തിനും പ്രചാരണത്തിനുമാണ് ഈ കൃപായുഗത്തിൽ നാം പ്രാധാന്യം കൊടുക്കേണ്ടത്. അതിനുള്ള ന്യായങ്ങൾ എഴുതാം. 1. യിരമ്യാവിൽ 31: 31-34-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാ ഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്നൊരു കാലം വരുമെന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ച് മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്ക് കർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്ന് യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം



എന്റെ പേര് മനു. ഞാൻ പത്തനംതിട്ട ജില്ലയിൽ കൂടൽ സ്വദേശിയാണ്. എനിക്ക് 2015 ആഗസ്റ്റ് മാസത്തിൽ ഒരു കാർ ആക്സിഡന്റ് ഉണ്ടായി. തന്മൂലം എന്റെ socket ന് പൊട്ടലും കൂടാതെ internal injuries-ഉം ഉണ്ടായി. എണീറ്റ് നിൽക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ദേവസ്യാ മുല്ലക്കര സാർ പത്തനംതിട്ടയിൽ ഭവനസന്ദർശനം നടത്തിയത്. ഞാൻ സാറിനെ എന്റെ ഭവനത്തിലേക്ക് ക്ഷണിക്കുകയും സാർ വന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനക്കുശേഷം പരിശുദ്ധാത്മബോധ്യം ലഭിച്ചതിനു ശേഷം സാർ എന്നോടു പറഞ്ഞു അപ്പോൾ തന്നെ എണീറ്റ് നടക്കാൻ. മൂന്നു മാസത്തോളം വിശ്രമം വേണമെന്ന് ഡോക്ടേഴ്സ് പറഞ്ഞപ്പോൾ എനിക്ക് രണ്ടുമാസം തികയുന്നതിനു മുമ്പേ എണീറ്റ് നടക്കാൻ സാധിച്ചു.
**മനു. കൂടൽ. Ph:8281911173**




# സത്യ ദൈവശാസ്ത്രം TRUE THEOLOGY
# 1. രക്ഷാശാസ്ത്രം SOTERIOLOGY
## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

കഴിഞ്ഞ ശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു : ഞാൻ എന്റെ ന്യായ പ്രമാണം അവരുടെ ഉള്ളിൽ ആക്കി, അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കു ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും, എന്ന് യഹോവയുടെ അരുളപ്പാട്. ഇനി അവ രിൽ ആരും തന്റെ കൂട്ടുകാരനെ തന്റെ സഹോദരനെയും യഹോവയെ അറിക എന്ന് ഉപദേശിക്കുകയില്ല. അവർ ആബാ ലവൃദ്ധം എല്ലാവരും എന്നെ അറിയും, ഞാൻ അവരുടെ അകൃത്യം മോചിക്കും, അവരുടെ പാപം ഇനിയൊരിക്കലും ഓർക്കുകയുമില്ല എന്ന് യഹോവയുടെ അരുളപ്പാട്".

(ബൈബിളിന്റെ ആധികാരികതയേയും പഴയനിയമ-പുതിയനിമഗ്രന്ഥങ്ങൾ തമ്മി ലുള്ള വ്യത്യാസങ്ങളെയും അന്യത്ര ചർച്ച ചെയ്യേണ്ടതുണ്ട്-അവിടെ ഈ വിഷയം കൂടുതൽ പ്രതിപാദിക്കും). എബ്രായർ 8-ാം അദ്ധ്യാത്തിൽ 6-ഉം 7-ഉം വാകൃങ്ങൾ കുറിയ്ക്കട്ടെ. "അവനോ (യേശുവോ) വിശേഷതയേ റിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്ക പ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അതിന്റെ ശ്രേഷ്ഠതയ്ക്ക് ഒത്തവണ്ണം വിലയേറിയ ഒരു ശുശ്രൂഷയും സ്ഥാപി ച്ചിരിക്കുന്നു". മോശയുടെ ന്യായപ്രമാ ണത്തെ കേന്ദ്രീകരിച്ചുള്ളതാണ് പഴയനി യമം. യേശുക്രിസ്തുവിന്റെ ക്രൂശിതമര ണവും, ഉത്ഥാനവും, പരിശുദ്ധാത്മപ്രേഷ ണവും വീണ്ടും വരവും കേന്ദ്രീകരിച്ചു ള്ളതാണ് പുതിയനിയമം. പഴയനിമയവും ദൈവവചനം തന്നെ. യിസ്രായേൽജന തയുടെ വിശ്വാസസംഹിതയിലും വിശുദ്ധ ആദ്ധ്യാത്മികതയിലും എഴുത്തു കാരനായ പരിശുദ്ധാത്മാവ് ആവശ്യമാ യതൊക്കെയും കുറിച്ചിട്ടുണ്ട്. എന്നാൽ ആ കലത്തെ യാഗങ്ങളൊക്കെയും താല്ക്കാലികങ്ങളായിരുന്നുവെന്നും പുതിയനിയമയാഗങ്ങൾ സമ്പൂർണ്ണതയു ള്ളതായിരുന്നുവെന്നതും നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. "എന്നാൽ ആദ്യനിയ മത്തിനും ആരാധനക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായി രുന്നു. ഒരു കൂടാരം ചമച്ചു. അതിന്റെ ആദ്യത്തെ ഭാഗത്ത് നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിന് വിശുദ്ധസ്ഥലം എന്ന് പേർ. രണ്ടാംതിരശ്ശീലക്ക് പിന്നിലോ അതിവി ശുദ്ധം എന്ന കൂടാരമുണ്ടായിരുന്നു. അതിൽ പൊന്നുകൊണ്ടുള്ള ധൂപകല ശവും മുഴുവനും പൊന്നുപൊതിഞ്ഞ നിയമപെട്ടകവും അതിനകത്ത് മന്ന ഇട്ടു വെച്ച പൊൻപാത്രവും അഹരോന്റെ തളിർത്ത വടിയും, നിയമത്തിന്റെ കല്പ ലകകളും, അതിനു മീതെ കൃപാസ നത്തെ മൂടുന്ന തേജസ്സിന്റെ കെരൂബു കളും ഉണ്ടായിരുന്നു. അതിപ്പോൾ ഓരോന്നായി വിവരിക്കുവാൻ കഴിവില്ല. ഇവ ഇങ്ങനെ തീർന്നശേഷം പുരോഹി തന്മാർ നിത്യം മുൻകൂടാരത്തിൽ ചെന്ന് ശുശ്രൂഷ കഴിക്കും. രണ്ടാമത്തേതിലോ ! ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മാത്രം ചെല്ലും; രക്തം കൂടാതെ അല്ല; അത് അവൻ തന്റെയും ജനത്തിന്റെയും അബദ്ധങ്ങൾക്ക് വേണ്ടി അർപ്പിക്കും" (എബ്രാ.9.1:7). ഭൂമിയിലെ കൃപാസനം സ്വർഗ്ഗത്തിലെ കൃപാസനത്തിന് സദൃശ്യ മാണെന്ന് എടുത്തുപറയേണ്ടിയിരിക്കു ന്നു. പഴയനിയമത്തിന്റെ കീഴിൽ പരിമി തിയില്ലാത്ത പ്രവേശനം ഇല്ലായിരുന്നതു കൊണ്ടാണ് അവിടെ ആണ്ടിലൊരി യ്ക്കൽ മഹാപുരോഹിതൻ മാത്രം പ്രവേ ശിച്ചത്. ദൈവവുമായി അടുത്ത സംസർഗ്ഗം പുലർത്താൻ ഉപരിവി ശുദ്ധിയുണ്ടെന്ന് കരുതപ്പടുന്നവർക്കേ അവകാശമുണ്ടായിരുന്നുള്ളു. എന്നാൽ പുതിയനിയമത്തിലെ ഏകമദ്ധ്യസ്ഥനും പാപപ്പരിഹാരത്തിന്റെ നിത്യയാഗമായി അർപ്പിക്കപ്പട്ടവനുമായ യേശുക്രിസ്തു മുഖാന്തരം ഈ വിശുദ്ധീകരണം എല്ലാ യിടത്തും എല്ലാവരിലേയ്ക്കും ഒരു പോലെ നടന്നിരിക്കുന്നു.

എബ്രാ.8:7-ൽ "ഒന്നാമത്തെ നിയമം (പഴയനിയമം) കുറവില്ലാത്തതാ യിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു" എന്ന് പറഞ്ഞ് പുതിയനിയമത്തിന്റെ ശ്രേഷ്ഠ തയെ സമർത്ഥിക്കുകയാണ്. എബ്രാ.9:13 -ലാകട്ടെ 'പുതിയത്' എന്ന് പറയുന്നതി നാൽ ആദ്യത്തേതിനെ പഴയതാക്കിയിരി ക്കുന്നു. എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപ്പോകു വാൻ അടുത്തിരിക്കുന്നു.

പഴയനിയമപുരോഹിതന്മാർ മൃഗരക്തവുമായിട്ടാണ് വിശുദ്ധമന്ദിര ത്തിൽ പ്രവേശിച്ചത്. എന്നാൽ ക്രിസ്തു സ്വന്തം രക്തം ചൊരിഞ്ഞതിന്റെ അടി സ്ഥാനത്തിലാണ് സ്വർഗ്ഗത്തിൽ ഇപ്പോൾ ശുശ്രൂഷിക്കുന്നത്. പിതാവിന്റെ സന്നിധി യിൽ പഴയനിയമത്തിന്റെ കീഴിൽ ആണ്ടു തോറും യാഗം നടന്നിരുന്നു. ആധുനിക ക്രൈസ്തവമതശൈലിയോ ? ദിവസവും

# സത്യ ദൈവശാസ്ത്രം TRUE THEOLOGY
## 1.രക്ഷാശാസ്ത്രം SOTERIOLOGY
### a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

യാഗം നടത്തുന്നു. എന്നാൽ യേശുക്രിസ്തുവോ ? **'ഏകയാഗം കഴിച്ച്'** എന്നന്നേയ്ക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചു (എബ്രാ.10:10,11). മൃഗങ്ങളെ യാഗമായി അർപ്പിച്ചത് അവയുടെ സമ്മതത്തോടെയാണോ ? ഒരിയ്ക്കലുമല്ല ക്രിസ്തു എന്ന യാഗമൃഗം സമ്പൂർണ്ണമായി സമ്മതിച്ചുകൊണ്ട് സ്വയം യാഗമാവുകയായിരുന്നു.

യേശുക്രിസ്തു പുതിയനിയമത്തിന്റെ മദ്ധ്യസ്ഥൻ ആയിരുന്നു (എബ്രാ.9:15). ക്രിസ്തുവിന്റെ യാഗമരണമാണ് പഴയനിമയയാഗമരണങ്ങളെയൊക്കെ വിലയുള്ളതാക്കിയത്. ക്രിസ്തുവിന്റെ യാഗമരണം നടന്നില്ലായിരുന്നുവെങ്കിൽ പഴയനിയമ കാലമൃഗയാഗങ്ങളൊക്കെ വിലകുറഞ്ഞതാകുമായിരുന്നു. ആ കാലത്തിലെ യാഗങ്ങളേപ്പോലും ദൈവതിരുമുമ്പിൽ വിലയേറിയതാക്കിയത് ക്രിസ്തുവിന്റെ യാഗമരണത്തിന്റെ സമ്പൂർണ്ണതകൊണ്ടാണ്. ആ വിശേഷതക്ക് അവകാശം പുതിയനിയമത്തിനാണു താനും.

"നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിച്ചാൽ (പുറ.19:5). എന്നാണ് ദൈവം മോശയോട് പറഞ്ഞത്. അവിടെ അനുസരണം എന്ന വ്യവസ്ഥയെ നാം കാണുന്നു. പക്ഷെ പുതിയനിയമം വ്യസ്ഥയെക്കാൾ **കൃപയെയും സ്നേഹത്തെയും** ആണ് വെളിപ്പെടുത്തുന്നത്. ആദ്യനിയമമായ പഴയനിയമം ലംഘിച്ചതുകൊണ്ടാണ് ആ ജനം പ്രവാസത്തിലേക്ക് പോകേണ്ടി വന്നത്. അതിന്റെ പോരായ്മകൾ മൂലമാണ് പുതിയനിയമം ഉടലെടുക്കേണ്ടി വന്നത്.

അത്ര ശ്രേഷ്ഠമായ പുതിയനിയമത്തിന്റെ അനുഗ്രഹങ്ങൾ ഹൃദയത്തിലാണെഴുതുന്നത്. "എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും". ഹൃദയങ്ങളിലെഴുതുമ്പോൾ ആത്മപ്രേരണയാൽ അനുസരണം തനിയെ ഉണ്ടായിക്കൊള്ളും. പരിശുദ്ധാത്മാഭിഷേകം സംഭവിക്കുന്നതോടുകൂടി മനുഷ്യന്റെ ഭയം, നിരാശ, അസ്വസ്ഥത എന്നിവ മാറുകയും സത്യത്തിന്റെ പരിജ്ഞാനത്താൽ പ്രകാശിതമായ വിശ്വാസിയുടെ ഹൃദയം ആന്തരികവും ബാഹ്യവുമായ അനുസരണം പരപ്രേരണയോ സ്വയം പ്രേരണയോ കൂടാതെ സംഭവിച്ചുകൊള്ളുന്നു. പാപക്ഷമ കൃപയാൽ സംഭവിക്കുന്നു. ദൈവത്തേക്കുറിച്ചുള്ള പരിജ്ഞാനം ദൈവം തന്നെയും സ്വയം വെളിപ്പെടുത്തുന്നതിനാൽ ടൈംടേബിളനുസരിച്ച് വിദ്യാർത്ഥി പഠിക്കുന്നതുപോലെയോ സിലബസ്സ് അനുസരിച്ച് അദ്ധ്യാപകൻ പഠിപ്പിക്കുന്നതുപോലെയോ എന്നതിനപ്പുറത്ത് എല്ലാം കൃപയാൽ സംഭവിച്ചുകൊള്ളും.

എബ്രാ.7:11-14 നാം പഠിക്കുമ്പോൾ ലേവ്യാപൗരോഹിത്യത്തിന്റെ അപൂർണ്ണത കണ്ടെത്തുവാൻ കഴിയും, അഥവാ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പൂർണ്ണത കണ്ടെത്തുവാൻ കഴിയും. മാത്രമല്ല പുതിയനിയമത്തിന്റെ പൂർണ്ണതയും പഴയനിമയത്തിന്റെ സദൃശ്യാവസ്ഥയും കൂടുതൽ വ്യക്തമാകും.

"ലേവ്യാ പൗരോഹിത്യത്താൽ സമ്പൂർണ്ണത വന്നെങ്കിൽ- അതിൻ കീഴിലല്ലോ ജനം ന്യായപ്രമാണം പ്രാപിച്ചത്- അഹറോന്റെ ക്രമപ്രകാരം എന്ന് പറയാതെ മല്ക്കിസേദക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ വരുവാൻ എന്തൊരാവശ്യം ? പൗരോഹിത്യം മാറിപ്പോകുന്ന പക്ഷം **ന്യായപ്രമാണത്തിനുംകൂടെ മാറ്റം വരുവാൻ ആവശ്യം.** എന്നാൽ ഇത് ആരെക്കുറിച്ച് പറഞ്ഞിരിക്കുന്നുവോ അവൻ വേറൊരു ഗോത്രത്തിലുള്ളവൻ ; ആ ഗോത്രത്തിൽ ആരും യാഗപീഠത്തിൽ ശുശ്രൂഷ ചെയ്തിട്ടില്ല. യെഹൂദയിൽ നിന്ന് നമ്മുടെ കർത്താവ് ഉദിച്ചു എന്നത് സ്പഷ്ടമല്ലോ; ആ ഗോത്രത്തോട് മോശെ പൗരോഹിത്യം സംബന്ധിച്ച ഒന്നും കല്പിച്ചിട്ടില്ല"

ലേവ്യാപൗരോഹിത്യത്താലാണ് ന്യായപ്രമാണം അടിസ്ഥാനപ്പെട്ടിരുന്നത്. അത് നിലവിലുള്ളപ്പോൾതന്നെ 110-ാം സങ്കീർത്തനം 4-ാം വാക്യത്തിൽ പറയുമ്പോലെ മെല്ക്കിസേദക്കിന്റെ ക്രമപ്രകാരം മറ്റൊരു പൗരോഹിത്യം ദൈവം കൊണ്ടുവന്നു. ക്രിസ്തുവിന്റെ പൗരോഹിത്യം. ക്രിസ്തുവിന്റെ പൗരോഹിത്യം ലേവ്യാപൗരോഹിത്യത്തിന്റെ പിന്തുടർച്ചയല്ല. ക്രിസ്തു എന്ന പുരോഹിതന്റെ പിന്തുടർച്ചയോടെ ലേവ്യാപൗരോഹിത്യവും പഴയനിയമാരാധനകളും നിലനിൽക്കാതെയായി എന്നതാണ് ഇവിടെ പ്രതിപാദിക്കുന്ന മർമ്മം. അതാണ് പുതിയനിയമത്തിന്റെ നിഴലാണ് പഴയനിയമം എന്ന് പറയുന്നതിന്റെ മർമ്മം.

മാനസാന്തരപ്പെട്ട്, വീണ്ടുംജനനം പ്രാപിച്ച് അഭിഷേകവും അണിഞ്ഞവരായിരിക്കണം വിശ്വാസികളും ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നവരും. എങ്കിലേ ആത്മാക്കളെക്കൊണ്ട് സ്വർഗ്ഗം നിറയൂ. (തുടരും...)

# NEWS
# വാർത്തകൾ

## ബൈബിളിൽ പരാമർശിക്കുന്ന യഹൂദാരാജാവിന്റെ മുദ്ര കണ്ടെത്തി.

**ജറുസലേം:** ബൈബിളിലെ പഴയനിയമത്തിൽ പരാമർശിക്കുന്ന ഹെസെക്കിയേൽ രാജാവിന്റെ ഒരു മുദ്ര യിസ്രയേൽ പുരാവസ്തു ഗവേഷകർ കണ്ടെത്തി. വൃത്താകൃതിയിലുള്ള ചെറിയ കളിമൺമുദ്ര രാജാവു തന്നെ ഉണ്ടാക്കിയതാകാമെന്നാണ് ഗവേഷകരുടെ നിഗമനം. ബി.സി 700- ന് അടുത്ത് ഭരിച്ച ഹെസെക്കിയേൽ രാജാവാണ് ജറുസലേമിനെ പ്രധാനനഗരമായി പണിതുയർത്തുവാൻ സഹായിച്ചത്. വിഗ്രഹാരാധനയ്ക്കെതിരെ നിലകൊണ്ട രാജാവായാണ് പഴയനിയമത്തിലെ പരാമർശം. യഹൂദരാജാക്കന്മാരിലൊരാളുടെ ഔദ്യോഗിക മുദ്രകളിലൊന്ന് ഉൾഖനനത്തിലൂടെ കണ്ടെത്തുന്നത് ഇതാദ്യമാണ്.

കടപ്പാട്. മനോരമ ദിനപ്പത്രം. 4/12/2015

---




*സ്വർഗ്ഗീയ നിത്യതയിലേക്ക്...........*

2015 നവംബർ 12-ന് കുവൈറ്റിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരിച്ച ഞങ്ങളുടെ എല്ലാമെല്ലാമായ അബു ബ്രദറിന്റെ (അബു കുര്യൻ-49) കുടുംബാംഗങ്ങളുടേയും, ബന്ധുമിത്രാദികളുടെയും, കുവൈറ്റ് സഭയുടേയും ദു:ഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. അബു ബ്രദറിന് ചർച്ച് ഓഫ് ഇറ്റേണിറ്റിയുടേയും, ആത്മാഭിഷേകം മീഡിയാമിനിസ്ട്രിയുടേയും ആദരാഞ്ജലികൾ................


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM**

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | | |
|---|---|---|
| ഡിസംബർ | 13-19 | തിരുവനന്തപുരം, പരുത്തിപ്പാറ ഭവനസന്ദർശനം. Ph:9446718242 |
| ഡിസംബർ | 20 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). Ph:9961854203 Time: 10am 3pm |
| ഡിസംബർ | 21-24 | തിരുവനന്തപുരം, പരുത്തിപ്പാറ ഭവനസന്ദർശനം |
| ഡിസംബർ | 25,26 | മണ്ണന്തല. ഏകദിനകൺവെൻഷൻ. രേവതി ഓഡിറ്റോറിയം Ph:9446718242 Time: 10am 3pm |
| ഡിസംബർ | 28-ജനു. 9 | കുവൈറ്റ്. Ph:0096597711237 |
| ജനുവരി | 11-16 | കോയമ്പത്തൂർസഭ - ഭവനസന്ദർശനം Ph:09585290142 |
| ജനുവരി | 17 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം) Ph:9961854203 Time: 10am 3pm |
| ജനുവരി | 24 | കൺവെൻഷൻ. എറണാകുളം. പാലാരിവട്ടം ചർച്ച് ഹാൾ Ph:9388487301, 9745971555, 9947217398 |


(1-ാം ഞായർ നടക്കേണ്ട എറണാകുളം കൺവെൻഷൻ സാർ കുവൈറ്റിലായതു കൊണ്ട് ജനുവരി 24-ലേക്ക് (4-ാം ഞായർ) മാറ്റിയിരിക്കുന്നു)

ജനുവരി 20 മുതൽ ഫെബ്രുവരി 9 വരെ പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ 21 ദിവസത്തെ ഉപവാസപ്രാർത്ഥനയും 8-ാമത് വാർഷികാഘോഷവും.

Ph: 04985 213999, 9847786950, 9048222384.

എല്ലാ രണ്ടാം ശനിയാഴ്ചകളിലും തിരുവല്ലയിൽ കൺവെൻഷൻ ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ Ph: 9446745148

എല്ലാ മൂന്നാം ഞായറാഴ്ച്ചകളിലും കൺവെൻഷൻ കോഴിക്കോട്, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം). Ph:9961854203 Time: 10am 3pm




ചെന്നൈയിലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന പ്രിയപ്പെട്ടവർക്കുവേണ്ടി ആത്മാഭിഷേകത്തിന്റെ മാന്യ വായനക്കാർ പ്രാർത്ഥിക്കണമെ.

ATHMABHISHEKAM MONTHLY
2015 DECEMBER
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15
Rs.20.00

Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th December 2015



# ദേവസ്യാ മുല്ലക്കരസാർ
## കുവൈറ്റിൽ
## ദൈവവചനം ശുശ്രൂഷിക്കുന്നു

ഡിസംബർ 28 മുതൽ
2016 ജനുവരി 9 വരെ
Ph: 0096597711237

# ചർച്ച്ഓഫ്ഇറ്റേണിറ്റി
# 9–ാം വയസ്സിലേക്ക്

## 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും
## 8–ാമത് വാർഷികാഘോഷവും

2016 ജനുവരി 20 മുതൽ
ഫെബ്രുവരി 9 വരെ
പുളിങ്ങോം
ആത്മാഭിഷേകം വചനാശ്രമത്തിൽ
Ph: 04985 213999, 9847786950, 9048222384

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).